# മാവേലിയുടെ വരവും മൗദൂദികളുടെ വർത്തമാനവും

അൻവർ അബൂബക്കർ

അല്ലാഹു പറയുന്നു:

لَّا يَنْهَاكُمُ اللَّـهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُم مِّن دِيَارِكُمْ أَن تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ ۚ إِنَّ اللَّـهَ يُحِبُّ الْمُقْسِطِينَ

''മതകാര്യങ്ങളിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.''[1]

ഇന്ത്യയെപോലെയുള്ള ഒരു മതേതര രാജ്യത്ത് താമസിക്കുന്ന സത്യവിശ്വാസികൾക്ക് കൃത്യമായി ദിശാബോധം നൽകുന്ന സൂക്തമാണ് ഉപരിയിലേത്. ഇസ്‌ലാം സ്വീകരിക്കാത്ത അവിശ്വാസികളായ ആളുകൾ മതകാര്യങ്ങളിൽ മുസ്‌ലിംകളെ ഉപദ്രവിക്കാതിരിക്കുകയും, അവരുടെ വീടുകളിൽ നിന്ന് പുറത്താക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം അവരോട് നന്മയിൽ വർത്തിക്കേണ്ടവരാണ് വിശ്വാസികൾ. അതുമാത്രം പോരാ, അമുസ്‌ലിംകളായ അത്തരം ആളുകളോട് ഏറ്റവും ഉത്തമമായ രീതിയിലും നീതിയിലും വർത്തിക്കേണ്ടത് മേൽസൂക്തത്തിന്റെ താത്പര്യത്തിൽ പെട്ടതാണ്.

മനുഷ്യന്റെ ഇഹപര ജീവിതത്തിന്റെ വിജയത്തിലേക്ക് വെളിച്ചം നൽകുന്ന, നീതിയിലും നന്മയിലും മാത്രം അധിഷ്ഠിതമായ കാര്യങ്ങളാണ് ഇസ്‌ലാമിൽ കാണാൻ കഴിയുക. അതിനാൽതന്നെ, അതിന്റെ നേരെ വിപരീതമായ തിൻമകൾ പ്രതിനിധാനം ചെയ്യുന്ന, തീർത്തും അനീതിയിലധിഷ്ഠിതമായ മാർഗങ്ങൾ സ്വീകരിക്കേണ്ടവരല്ല മുസ്‌ലിംകൾ. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രസ്തുത നന്മയുടെയും നീതിയുടെയും, തിൻമയുടെയും അനീതിയുടെയും അളവുകോൽ പരിശുദ്ധ ഖുർആനും തിരുസുന്നത്തുമാണ്. മാനവ ജീവിതത്തിന്റെ വരുംവരായ്കകളെക്കുറിച്ച് വ്യക്തമായി അറിയുന്ന അല്ലാഹുവാണ് ഈ പ്രമാണങ്ങൾ മനുഷ്യരാശിക്ക് മുമ്പിൽ പ്രവാചകനി(ﷺ)ലൂടെ അവതരിപ്പിച്ചിട്ടുള്ളത് എന്ന കാരണം അതിന്റെ സ്വീകാര്യതയെ ബലപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ നന്മ തിന്മകളെ കുറിച്ച് വ്യവച്ഛേദിക്കാൻ മുഖ്യമായും മനുഷ്യബുദ്ധി ആശ്രയിക്കേണ്ടത് ഇതേ സ്രോതസ്സുകളായിരിക്കണം എന്നത് യുക്തിഭദ്രമായ സമീപനമാണ്. ഇതിന്റെ ഗൗരവം വകതിരിവോടെ തിരിച്ചറിഞ്ഞിട്ടില്ലാത്തവരെ സംബന്ധിച്ച് നീതിയുടെയും അനീതിയുടെയും ചൊവ്വായ മാനദണ്ഡം വ്യക്തമായികൊള്ളണമെന്നില്ല. പ്രത്യേകിച്ചും ബഹുസ്വര സമൂഹത്തിൽ നാനാജാതി വിശ്വാസങ്ങളുമായി ഇടകലർന്നു ജീവിക്കുന്ന ഒരു മുസ്‌ലിം തങ്ങളുടെ വിശ്വാസങ്ങളിലും ആചാരങ്ങളിലും നിലപാടുകളിലും ആകുവോളം സൂക്ഷ്മത

[1] ഖുർആൻ 60:8

കാണിക്കേണ്ടതുണ്ട്. അതിന് കഴിഞ്ഞില്ല എങ്കിൽ, ഇസ്‌ലാം വെറുക്കുകയും തിന്മയായി പ്രഖ്യാപിക്കുകയും ചെയ്ത നിലപാടുകൾ സ്വീകരിക്കുവാനും, അതുവഴി സ്വയം അപകടത്തിലാവുകയും മറ്റുള്ളവരെ കൂടി അതിലേക്ക് ക്ഷണിക്കുകയും ചെയ്യുന്ന അതിദയനീയമായ അവസ്ഥ സംജാതമാകും. ഇതര മതസ്ഥരുടെ ആഘോഷങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി നടത്തിയ താഴെയുള്ള വിശദീകരണം അതിന്റെ വ്യക്തമായ ഉദാഹരണങ്ങളിൽ ഒന്നാണ്:

"...സുഹൃദ്ബന്ധത്തിന്റെയും സഹവാസത്തിന്റെയും പേരിൽ നമ്മുടെ വിശേഷ ദിവസങ്ങളിലും ആഘോഷവേളകളിലും നാം ഇതര മതസ്ഥരായ സുഹൃത്തുക്കളെയും അയൽവാസികളെയും ക്ഷണിക്കുകയും അവർ നമ്മെ ക്ഷണിക്കുമ്പോൾ നിരസിക്കുകയും ചെയ്യുന്നത് നീതിയല്ല. അനീതി ആരോടും പാടില്ല. ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവർ, ഒരേ വിദ്യാലയത്തിൽ പഠിക്കുന്നവർ, ഒരേ പ്രദേശത്ത് ജീവിക്കുന്നവർ... പരസ്പരം ആശംസകൾ കൈമാറലും ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കലുമെല്ലാം നീതിയുടെ താൽപര്യമാണ്. നമ്മുടെ വിശേഷദിവസങ്ങളിലും ആഘോഷങ്ങളിലും സുഹൃത്തുക്കൾ വരണമെന്നാഗ്രഹിച്ചിട്ടാണല്ലോ നാമവരെ ക്ഷണിക്കുക. അങ്ങനെ അവർ വന്നു കഴിഞ്ഞാൽ നാമവരെ സ്വീകരിക്കുന്നത് പോലെ അവരുടെ പരിപാടികളിൽ നമ്മെ സൽക്കരിക്കുക എന്ന അവരുടെ ആഗ്രഹത്തെ നാം വിലവെക്കാതിരിക്കുകയും അവരുടെ ക്ഷണം നിരസിക്കുകയും ചെയ്യുന്നത് നീതിയാണോ?"[2]

ഇസ്‌ലാമിൽ വളരെ അടിസ്ഥാനപരമായ ഒരു വിഷയമാണ് 'വലാഉം' 'ബറാഉം'. സഹായിക്കുക, സ്നേഹിക്കുക, അടുക്കുക തുടങ്ങിയ വിഷയങ്ങളെ അർത്ഥമാക്കുന്ന 'വലാഉം' ഒഴിയുക, അകലുക, നിരുത്തരവാദിയാവുക തുടങ്ങിയ വിഷയങ്ങളെ പ്രതിപാദിക്കുന്ന 'ബറാഉം' കൈകാര്യം ചെയ്യേണ്ടത് ഇസ്‌ലാമിക പ്രമാണങ്ങളെ കുറിച്ച് അവബോധമുള്ളവരാണ്. അങ്ങനെയല്ലെങ്കിൽ ഉണ്ടാകുന്ന വിപത്ത് വളരെ ഗുരുതരമാണ്, അതാണ് ജമാഅത്ത് 'മുഫ്തി' ഇൽയാസ് മൗലവിയുടെ മേൽഫത്‌വയിലൂടെ നമ്മൾ കണ്ടതും.

ഇതര മതസ്ഥരുടെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനെ കുറിച്ച് ചർച്ചയാകുമ്പോഴൊക്കെ പണ്ഡിതൻമാർ വിശ്വാസികളെ ഗൗരവമായി ഓർമ്മപ്പെടുത്താറുള്ള ഒരു നബി വചനമാണ് താഴെ:

അബ്ദുല്ലാഹ് ഇബ്നു ഉമർ(﵄)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:

مَنْ تَشَبَّهَ بِقَوْمٍ فَهُوَ مِنْهُمْ

"ഏതൊരുവൻ ഒരു സമൂഹത്തോട് സാദൃശ്യപ്പെടുന്നുവോ അവൻ അവരിൽപെട്ടവനാണ്."[3]

പ്രവാചക(ﷺ)ന്റെ താക്കീത് മുമ്പിൽ വെച്ചുകൊണ്ട് അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ അതിനെ വിശദീകരിച്ചത് പരിശോധിക്കുകയാണെങ്കിൽ, ഇതര മതസ്ഥരുടെ ഒട്ടു മിക്ക മേഖലയിലും സാദൃശ്യം പ്രകടിപ്പിക്കുന്നവരാണ് ജമാഅത്തെ ഇസ്‌ലാമിയുടെ വക്താക്കൾ എന്ന് കാണാൻ കഴിയും. അവിശ്വാസികളോട് അവരുടെ പ്രത്യേകചടങ്ങുകൾ, ആരാധനകൾ, ആചാരങ്ങൾ, അടയാളങ്ങൾ, എന്നിവയിൽ സാദൃശ്യപ്പെടൽ ഹറാമാണെന്നും താടിവടിക്കൽ, മീശ നീട്ടിവളർത്തൽ, വസ്ത്രരീതി തുടങ്ങിയവയിലെല്ലാം ഈ വിധി ബാധകമാണെന്നും പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ബഹുദൈവാരാധനയാകുന്ന ശിർക്കും ഏകദൈവാരാധനയാകുന്ന തൗഹീദും പരസ്പരവിരുദ്ധങ്ങളായിരിക്കെ ഇവ തമ്മിൽ ഭാഗികമോ നാമമാത്രമോ ആയ സന്ധി ഉണ്ടാകുക സാധ്യമല്ല എന്നതുകൊണ്ടാണല്ലോ സൂര്യന്റെ ഉദയാസ്തമയ വേളകളിൽ നമസ്കാരം നിർവഹിക്കുന്നത് പോലും പ്രവാചകൻ(ﷺ) വിലക്കിയത്.

[2] ഇൽയാസ് മൗലവി, പ്രശ്നവും വീക്ഷണവും, പ്രബോധനം 10 മാർച്ച് 2012

[3] മുസ്‌ലിം

അംറ് ബിൻ അൻബസ(ﷺ)വിനോട് പ്രവാചകൻ(ﷺ) പറയുകയാണ്:

صَلِّ صَلاَةَ الصُّبْحِ. ثُمَّ أَقْصِرْ عَنِ الصَّلاَةِ حَتَّىٰ تَطْلُعَ الشَّمْسُ حَتَّىٰ تَرْتَفِعَ. فَإِنَّهَا تَطْلُعُ حِينَ تَطْلُعُ بَيْنَ قَرْنَيْ شَيْطَانٍ. وَحِينَئِذٍ يَسْجُدُ لَهَا الْكُفَّارُ.

"നീ സുബ്ഹി നമസ്കരിക്കുക. പിന്നീട് സൂര്യൻ ഉദിച്ച് നന്നായി ഉയരും വരെ ഒന്നും നമസ്കരിക്കരുത്. കാരണം അത് ഉദിക്കുന്നത് പിശാചിന്റെ ഇരു കൊമ്പുകൾക്കുമിട യിലായിരിക്കും. അപ്പോഴാണ് സത്യനിഷേധികൾ അതിനെ നമിക്കാറുള്ളത്."[4]

ശിർക്കിനെ നിർമാർജ്ജനം ചെയ്തുകൊണ്ട് തൗഹീദ് സ്ഥാപിക്കാൻ ബാധ്യസ്ഥരായ മുസ്ലിംകളോട് എത്ര സൂക്ഷ്മവും വ്യക്തവുമായാണ് പ്രവാചകൻ(ﷺ) ഉപദേശിച്ചത്. അവിശ്വാസികളുടെ പ്രാർത്ഥനയുടെ സമയത്തുപോലും നമ്മുടെ ആരാധനകൾ ബഹുദൈവാരാധകരോട് സാദൃശ്യമാകാതെ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് പഠിപ്പിക്കുമ്പോൾ കേവലം സങ്കൽപങ്ങളിൽ ഊട്ടപ്പെട്ട ഓണം പോലെയുള്ള ആഘോഷങ്ങളിൽ ഒരു മുസ്ലിം പങ്കെടുക്കുന്നത് പ്രാമാണികമായി എങ്ങനെ അംഗീകരിക്കാൻ വിശ്വാസികൾക്ക് കഴിയും. പുണ്യത്തിലും ധർമ്മനിഷ്ഠയിലും അന്യോന്യം സഹകരിക്കാനും പാപത്തിലും അനീതിയിലും എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് വിട്ടു നിൽക്കാനും പഠിപ്പിക്കപ്പെട്ട മുസ്ലിംകളെ, വിശ്വാസാ ചാരങ്ങളിൽ പ്രവാചകൻ(ﷺ) ഏതൊരു കുടുക്കിൽ നിന്നും ബന്ധനങ്ങളിൽ നിന്നുമാണോ മോചിപ്പിക്കാൻ പ്രയത്നിച്ചത്, അതേ ഏർപ്പാടിലേക്ക് തന്നെ തിരിച്ചുകൊണ്ടുപോകുവാനാണ് ജമാഅത്തെ ഇസ്ലാമിയുടെ അഭിനവ 'മുഫ്തിമാർ' പരിശ്രമിക്കുന്നത്. താഴെയുള്ള പ്രവാചക വചനം അവരുടെ ശ്രദ്ധയിലേക്കായി ഉദ്ധിരക്കുകയാണ്.

അബ്ദുല്ലാഹ് ഇബ്നു ഉമർ(ﷺ)വിൽ നിന്നും നിവേദനം, പ്രവാചകൻ(ﷺ) പറഞ്ഞു:

أبغض الناس إلى الله ثلاثة ملحد في الحرم ومبتغ في الإسلام سنة الجاهلية ومطلب دم امرئ بغير حق ليهريق دمه

"അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടവർ മൂന്ന് കൂട്ടരാണ്; ഹറമിൽ ഫിത്നയും കലാപങ്ങളും ഉണ്ടാക്കുന്നവർ, ജാഹിലിയ്യ ആചാരങ്ങൾ ഇസ്ലാമിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർ, അന്യായമായി മനുഷ്യരുടെ രക്തം ചിന്തുന്നവർ."[5]

അമുസ്ലിം ആഘോഷങ്ങളുമായി മൗദൂദികൾക്ക് ഇങ്ങനെ ഒരു പൊയ്മുഖം എടുക്കേണ്ടി വന്നത് എന്തുകൊണ്ടാണ് എന്ന് ജമാഅത്തെ ഇസ്ലാമിയുടെ അകവും പുറവും മനസ്സിലാക്കിയവർക്ക് നിഷ്പ്രയാസം മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ. രാജ്യത്ത് കുഴപ്പമുണ്ടാക്കുകയും ജനവിഭാഗങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്യുന്ന വർഗീയ കക്ഷിയായിട്ടാണ് ജമാഅത്ത് രംഗത്തുവന്നത്. ഈ ആരോപണം രാഷ്ട്രീയ-സാംസ്കാരിക വേദികളിൽ നിന്നും ഉയർന്നുകൊണ്ടിരുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട് എന്ന കാര്യം ജമാഅത്തിന്റെ പ്രസിദ്ധീകരണം തുറന്ന് സമ്മതിച്ചിട്ടുള്ളതുമാണ്.[6] ഈ ചോരക്കറയുടെ 'ബ്ലാക്ക് മാർക്ക്' മായ്ച്ചുകളയാൻ വേണ്ടിയല്ലേ ജാഹിലിയ്യ ആചാരങ്ങൾ ഇസ്ലാമിലേക്ക് തിരിച്ചുകൊണ്ടുവരാൻ സഹായകരമാകുന്ന തരത്തിൽ ശബരിമല തീർത്ഥാടനത്തിന് പോകുന്ന അയ്യപ്പഭക്തർക്ക് യാത്രയയപ്പ് നൽകിയത്? ദരിദ്രരായ ഇതര മതഭക്തർക്ക് ഓണം ക്രിസ്തുമസ്സ് കിറ്റ് വിതരണം ചെയ്യുന്നത്? എന്തിനേറെ സുനാമിയിൽ തകർന്നു പോയ സാക്ഷാൽ ബഹുദൈവാരാധനയുടെ കേന്ദ്രം തന്നെ പുതുക്കിപണിയാൻ സോളിക്കുട്ടികൾ

---

[4] സ്വഹീഹ് മുസ്ലിം

[5] സ്വഹീഹ് ബുഖാരി

[6] അവർഗീയ സംഘടന, പ്രബോധനം ജ.ഇ. അമ്പതാം വാർഷിക പതിപ്പ്

മുൻകയ്യെടുത്തത്? ഇസ്‌ലാമിക പ്രമാണങ്ങൾ വകവെക്കാതെ ജമാഅത്തിന്റെ തൂലികാ തൊഴിലാളികൾ ഫത്‌വയുടെ പേരിൽ പടച്ചുവിടുന്ന ഇത്തരം ഫിത്നകളാണ് മൗദൂദിസ്റ്റുകളുടെ ചെയ്തികൾക്കുള്ള പ്രചോദനം. ഇതെല്ലാം മുസ്‌ലിം സമുദായത്തെ ആദർശപരമായി വഴിതെറ്റിക്കും എന്ന കാര്യത്തിൽ സംശയമില്ല. ജമാഅത്തുകാരന്റെ താഴെയുള്ള ഫത്‌വയും ഈ രൂപത്തിൽ വിശ്വാസികളെ ശരിയായ ദിശയിൽനിന്നും തിരിച്ചുവിടാൻ കാരണമാക്കുന്ന ഒന്നിൽ ഉൾപ്പെടുത്താവുന്നതാണ്:

“ഒരു സൗഹൃദവേദി, സാംസ്കാരിക പരിപാടി എന്നീ നിലകളിൽ ഓണാഘോഷം, ക്രിസ്തുമസ്, ന്യൂ ഇയർ, സ്വാതന്ത്ര്യദിനം തുടങ്ങിയ പരിപാടികളിൽ പങ്കെടുക്കുന്നതും ബന്ധപ്പെട്ടവർക്ക് വാച്യമായോ ലിഖിത രൂപത്തിലോ ആശംസകൾ കൈമാറുന്നതും ഇസ്‌ലാം വിലക്കിയിട്ടില്ല. എന്നാൽ അത്തരം പരിപാടികളിൽ ശിർക്കുപരമായതോ ഇസ്‌ലാം നിഷിദ്ധമാക്കിയതോ ആയ ചടങ്ങുകൾ നടക്കുന്നുണ്ടെങ്കിൽ, അതിൽനിന്നു മാറിനിൽക്കേണ്ട താണ്. അമുസ്‌ലിം സുഹൃത്തുക്കളുടെ മത സങ്കൽപങ്ങളുമായി ബന്ധപ്പെട്ട ആഘോഷ പരിപാടികളിൽ പങ്കെടുക്കുന്ന മുസ്‌ലിംകൾ സ്വന്തം വിശേഷ ദിനങ്ങളിലും അമുസ്‌ലിംകളായ സ്നേഹിതൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് അനുയോജ്യമായ പരിപാടികൾ സംഘടിപ്പിക്കുവാനും തദ്വാരാ ഇസ്‌ലാമിനേയും ഇസ്‌ലാമിക സംസ്കാരത്തെയും അവർക്കു പരിചയപ്പെടുത്താനും ശ്രമിക്കേണ്ടതുണ്ട്.”[7]

പരമകാരുണികനായ അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ട് എന്ന് വാദിക്കുക നിമിത്തം ആകാശങ്ങൾ പൊട്ടിപ്പിളരുകയും, ഭൂമി വിണ്ടുകീറുകയും, പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്യുമാറാകുന്ന ഗുരുതരമായ ആക്ഷേപമാണ് എന്നാണ് അല്ലാഹു പറയുന്നത്.[8] അല്ലാഹു ഒരു ബാപ്പ ആകുക (നഊദുബില്ലാഹ്) എന്ന ആശയം കേൾക്കുമ്പോൾ തന്നെ മനസ്സിന് അത്യധികം പ്രയാസം നേരിടുന്നവരാണ് മുസ്‌ലിംകൾ. ഈ വികല അഭിപ്രായത്തെ ക്രൈസ്തവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് പകരം അവരോടൊപ്പം അതുമായി ബന്ധപ്പെട്ട ആഘോഷങ്ങളിൽ പങ്കെടുക്കുന്നത് അതീവ ഗുരുതരമായ തെറ്റുതന്നെയാണ്.[9] ഇതെല്ലാം പറയുമ്പോൾ നബി(ﷺ) നജ്റാനിൽ നിന്നും വന്ന ക്രൈസ്തവർക്ക് പള്ളിയിൽ അവരുടെ നമസ്കാരം നിർവഹിക്കാൻ സ്ഥലം കൊടുത്ത മാതൃകയുണ്ടെന്നും മറ്റും പറഞ്ഞ് വിശ്വാസികളെ ഇരുട്ടിൽ തപ്പിക്കുകയാണ് ഈ സാഹിബുമാർ ചെയ്യുന്നത്. വാസ്തവത്തിൽ അങ്ങേയറ്റം ളയീഫും മുൻകത്വിഉമായ ഒരു റിപ്പോർട്ടാണ് ഇതെന്ന് ഇബ്നു റജബ് ഹമ്പലിയെ പോലെയുള്ള ഹദീഥ് നിദാന ശാസ്ത്രത്തിലെ നിപുണൻമാർ വ്യക്തമാക്കിയിട്ടുണ്ട്.[10]

---

[7] ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 547

[8] ക്വുർആൻ 19: 90,91

[9] ഇബ്നുൽക്വയ്യിം (رحمه الله) ‘അഹ്കാമു അഹ്‌ലിദ്ദിമ്മ’ എന്ന കൃതിയിലെഴുതി:

وأما التهنئة بشعائر الكفر المختصة به فحرام بالاتفاق ، مثل أن يهنئهم بأعيادهم وصومهم ، فيقول: عيد مبارك عليك ، أو تَهْنأ بهذا العيد ونحوه ، فهذا إن سلم قائله من الكفر فهو من المحرمات وهو بمنزلة أن يهنئه بسجوده للصليب بل ذلك أعظم إثماً عند الله ، وأشد مقتاً من التهنئة بشرب الخمر وقتل النفس ، وارتكاب الفرج الحرام ونحوه ، وكثير ممن لا قدر للدين عنده يقع في ذلك ، ولا يدري قبح ما فعل ، فمن هنّأ عبداً بمعصية أو بدعة ، أو كفر فقد تعرض لمقت الله وسخطه.

‘അവിശ്വാസികളുടെ വിശിഷ്ട മതചിഹ്നങ്ങൾക്ക് ആശംസയർപ്പിക്കുന്നത് ഹറാമാണ്. അഥവാ അവരുടെ വ്രതാനുഷ്ടാനങ്ങൾക്കും ആഘോഷങ്ങൾക്കും ആശംസയർപ്പിക്കുക എന്ന നിലക്ക്, ക്രിസ്മസ് ആശംസകൾ, സീസണൽ ഗ്രീറ്റിംഗ്സ് തുടങ്ങിയ അഭിവാദനങ്ങൾ നിഷിദ്ധമാണ്. അവർ കുരിശിനു സുജൂദ് ചെയ്യുന്നതിനെ അംഗീകരിക്കുന്നതിന് തുല്യമാണത്. അല്ലാഹുവിങ്കൽ കൊടിയപാപമാണത്. വ്യഭിചാരം, കൊല, മദ്യപാനം തുടങ്ങിയവയേക്കാൾ കടുത്ത തെറ്റാണത്. മതബോധം അധികമില്ലാത്തവർ ഇതിലകപ്പെടാൻ സാധ്യത കൂടുതലാണ്. താൻ ചെയ്യുന്ന പ്രവൃത്തിയുടെ മ്ലേഛത അവനറിയുന്നില്ല. പാപം, ബിദ്അത്ത്, കുഫ്ർ തുടങ്ങിയവക്ക് ആർക്കെങ്കിലും ആശംസ നേരുന്നുവെങ്കിൽ അവൻ അല്ലാഹുവിന്റെ ശാപ കോപങ്ങൾക്ക് വിധേയനാകുന്നതാണ്.’

കൂടുതൽ അറിയുവാൻ മുഹമ്മദ് സ്വാലിഹ് അൽ ഉഥൈമീനി(رحمه الله)ന്റെ ഫതാവാ ഉലമാഇ ബലദിൽ ഹറാം പേ. 10, 101, 102 കാണുക.

[10] ഇബ്നു റജബ് ഹമ്പലി, ഫത്ഹുൽ ബാരി 3/244

ഏതായാലും, പൊതുവായി അവിശ്വാസികളുടെ ആഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ട് അതിന് ആശംസ നേരുന്നത് ഇസ്‌ലാം വിലക്കിയിട്ടുള്ള സംഗതികളിൽ പെട്ടതാണ്. എന്നിട്ടാണ് മൗദൂദികൾ അമുസ്‌ലിം സുഹൃത്തുക്കളുടെ മത സങ്കൽപങ്ങളുമായി ബന്ധപ്പെട്ട ആഘോഷ പരിപാടികളിൽ പങ്കെടുക്കാൻ തുറന്ന അനുവാദം പതിച്ചു നൽകുന്നത്. ഓണം പോലെയുള്ള ആഘോഷങ്ങളുടെ പിന്നിൽ നില നിൽക്കുന്ന മത സങ്കൽപങ്ങൾ ഏതു പ്രമാണം വെച്ചുകൊണ്ടാണ് ഒരു മുസ്‌ലിമിന് അംഗീകരിക്കാൻ കഴിയുക. ഓണത്തിന് പിന്നിലുള്ള ഐതിഹ്യങ്ങളിൽ ഏറ്റവും അറിയപ്പെടുന്നതും വശ്യവുമായത് മഹാബലി രാജാവിന്റെ ഐതിഹ്യമാണ്. അതാകട്ടെ വ്യക്തമായ ബഹുദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരാഘോഷമാണ്.[11] എന്നിട്ടും ജമാഅത്തെ ഇസ്‌ലാമി കേരളക്കരയിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നു എന്നത് സങ്കടകരം തന്നെ!

---

[11] വർഷം തോറും കേരളത്തിലേക്കുള്ള മഹാബലി സന്ദർശനമാണ് ഓണം എന്ന പേരിൽ ആഘോഷിക്കപ്പെടുന്നത്. മാവേലി, ഓണത്തപ്പൻ എന്നീ പേരുകളിൽ ഇന്ന് അറിയപ്പെടുന്ന മഹാബലി, മുമ്പ് അസുരരാജാവായി ഈ സുന്ദരമായ കേരളം ഭരിച്ചിരുന്നു എന്നതാണ് കഥ. പ്രജകളെല്ലാം അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തെ ഒരു വിവേകിയും ഔദാര്യവാനുമായി കണക്കാക്കുകയും ചെയ്തിരുന്നുവത്രെ. ഈ രാജാവിന്റെ ഭരണത്തിലാണ് കേരളം അതിന്റെ സുവർണ്ണകാലഘട്ടത്തിന് സാക്ഷ്യം വഹിച്ചതെന്ന് സങ്കൽപിക്കുന്നു. കാരണം, ജാതിയുടെയോ വംശത്തിന്റെയോ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഉണ്ടാകാത്ത, സമ്പന്നനെയും ദരിദ്രനെയും ഒരു പോലെ പരിഗണിച്ചിരുന്ന, കുറ്റകൃത്യങ്ങളോ അഴിമതിയോ ഇല്ലായിരുന്ന, എന്തിനേറെ ദാരിദ്ര്യമോ ദുഃഖമോ രോഗങ്ങളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലാത്ത മഹാബലി രാജാവിന്റെ ഭരണ കാലത്തെ പ്രജകളെല്ലാം സന്തുഷ്ടരും സംതൃപ്തരുമായിരുന്നു എന്ന് അവർ വിശ്വസിക്കുന്നു. ഹൈന്ദവ വിശ്വാസ പ്രകാരം മഹാബലി എന്നത് വിരോചനന്റെ പുത്രനും അസുരരാജാവായ ഹിരണ്യകശ്യപിന്റെ ഓമനപുത്രനായ പ്രഹ്ലാദന്റെ പൗത്രനുമാണ്. മഹാബലിക്ക് ബാണ എന്ന പേരിൽ ഒരു പുത്രനുണ്ടായിരുന്നു. അദ്ദേഹം സ്വന്തം നിലക്ക് തന്നെ ഒരു ഐതിഹാസിക രാജാവാകുകയും മധ്യ ആസാമിൽ ബാണരാജ് എന്ന പേരിൽ പ്രശസ്തനാവുകയും ചെയ്തു. മഹാബലി അസുരവംശത്തിൽ പെട്ടവനാണെങ്കിലും വിഷ്ണുവിന്റെ ആരാധകനായിരുന്നു. അദ്ദേഹത്തിന്റെ ധീരതയും സ്വഭാവമഹിമയും കാരണം അദ്ദേഹത്തിന് 'മഹാബലി ചക്രവർത്തി' അഥവാ 'മഹാബലി രാജാധിരാജൻ' എന്ന പദവി കൈവന്നു. പിന്നീട് മഹാബലി രാജാവ് ദൈവങ്ങൾക്ക് വെല്ലുവിളിയാകുന്നതായാണ് കഥനം. ഈ രാജാവിന്റെ വളർച്ചയിൽ ദേവൻമാർ വളരെയധികം അസ്വസ്ഥരും അസൂയാലുക്കളുമായി, തങ്ങളുടെ ആധിപത്യത്തിന് തന്നെ അതൊരു വെല്ലുവിളിയായി അവർക്ക് തോന്നി. അങ്ങനെ, ആ വൈഷമ്യത്തെ വകവരുത്താനുള്ള പദ്ധതികളെ കുറിച്ച് അവർ ചിന്തിച്ചു തുടങ്ങി. മഹാബലിയുടെ വളർന്നുവരുന്ന ആധിപത്യം നിയന്ത്രിക്കുന്നതിനും, തങ്ങളുടെ പരമാധികാരം നിലനിർത്തുന്നതിനും വേണ്ടി ദേവൻമാരുടെ മാതാവായ അദിതി മഹാബലി ആരാധിച്ചിരുന്ന ഹൈന്ദവ ത്രിത്വത്തിലെ സംരക്ഷകനായ വിഷ്ണുവിന്റെ സഹായം തേടി. മഹാബലി വളരെ ഔദാര്യവാനും ധർമ്മിഷ്ഠനുമാണ്. സഹായത്തിനായി ആരെങ്കിലും അദ്ദേഹത്തെ സമീപിക്കുകയോ, അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയോ ചെയ്താൽ അദ്ദേഹം അത് സാധിപ്പിച്ചുകൊടുത്തിരുന്നു. ഇതെല്ലാം പരീക്ഷിക്കുന്നതിനായി, വിഷ്ണു വാമനൻ എന്ന പേരിൽ ഒരു കുറിയ ബ്രാഹ്മണനായി വേഷം മാറി മഹാബലിയുടെ കൊട്ടാരത്തിലെത്തി. ആ സമയത്ത് മഹാബലി പ്രഭാതവന്ദനങ്ങൾ നിർവ്വഹിച്ച ശേഷം ബ്രാഹ്മണർക്ക് തങ്ങളുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചു കൊടുക്കാൻ തയ്യാറെടുക്കുകയായിരുന്നു. വാമനന്റെ വേഷം സ്വീകരിച്ച വിഷ്ണു താനൊരു പാവം ബ്രാഹ്മണനാണെന്നും തനിക്ക് ഒരു തുണ്ടം ഭൂമി വേണമെന്നും ആവശ്യപ്പെട്ടു. തനിക്കാവശ്യമുള്ളത്ര ഭൂമി എടുത്തുകൊള്ളുവാൻ ഉദാരമതിയായ രാജാവ് പറഞ്ഞു. തന്റെ മൂന്നു കാൽപാടുകൾ മൂടുന്ന സ്ഥലം മാത്രം തനിക്ക് മതിയെന്ന് ആ ബ്രാഹ്മണൻ പറഞ്ഞു. ഇത് കേട്ട രാജാവ് ആശ്ചര്യപ്പെട്ടു. എങ്കിലും അദ്ദേഹം അത് സമ്മതിച്ചു. വാമനൻ ഒരു സാധാരണ മനുഷ്യനല്ലെന്ന് രാജാവിന്റെ ഉപദേശകനായ ശുക്രാചാര്യൻ മനസ്സിലാക്കി. ഇങ്ങനെ വാഗ്ദാനങ്ങൾ നൽകുന്നതിനെതിരെ അദ്ദേഹം രാജാവിനെ താക്കീത് ചെയ്തു. എന്നാൽ ഒരു രാജാവ് സ്വന്തം വാക്കുകൾ തിരിച്ചെടുക്കുന്നത് ഒരു പാപമാകുമെന്ന് പ്രതിവചിച്ചുകൊണ്ട് ഉദാരമതിയായ ആ രാജാവ് ഭൂമി എടുത്തു കൊള്ളുവാൻ ബ്രാഹ്മണനോട് ആവശ്യപ്പെട്ടു. കുറിയ ഈ മനുഷ്യൻ വിഷ്ണുവാണെന്ന കാര്യം രാജാവിന് സങ്കൽപിക്കാൻപോലും പറ്റിയില്ല. മഹാബലി രാജാവ് ഭൂമി അനുവദിക്കാൻ സമ്മതിച്ച ഉടനെത്തന്നെ വാമനൻ വളർന്നുവരാൻ തുടങ്ങി. വളർന്ന് വളർന്ന് അവസാനം പ്രപഞ്ചത്തോളമായി. ഒന്നാമത്തെ കാൽവെപ്പിൽ ആ ബ്രാഹ്മണ ബാലൻ ഭൂമി മുഴുവൻ മൂടി. അടുത്ത കാൽവെപ്പിൽ ആകാശങ്ങളും മൂടി. ശേഷം മൂന്നാമത്തെ കാൽവെപ്പിനുള്ള സ്ഥലത്തിനായി മഹാബലി രാജാവിനോട് ചോദിച്ചു. അവനൊരു സാധാരണ ബ്രാഹ്മണനല്ലെന്നും, അവന്റെ മൂന്നാമത്തെ കാൽവെപ്പ് ഭൂമിയെ നശിപ്പിക്കുമെന്നും രാജാവിന് മനസ്സിലായി. മഹാബലി കൂപ്പുകൈകളോടെ വാമനന് മുന്നിൽ കുമ്പിട്ടുകൊണ്ട് ബ്രാഹ്മണന്റെ അവസാനത്തെ കാൽവെപ്പ് സ്വന്തം തലയിൽ വെക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം തന്റെ വാക്ക് പാലിച്ചു. ബ്രാഹ്മണൻ തന്റെ കാൽ രാജാവിന്റെ തലയിൽ വെച്ചുകൊണ്ട് മറ്റൊരു ലോകമായ പാതാളത്തിലേക്ക് ചവിട്ടി താഴ്ത്തി. അവിടെ വെച്ച് തന്റെ തനതായ രൂപം വെളിപ്പെടുത്താൻ രാജാവ് ബ്രാഹ്മണനോട് അപേക്ഷിച്ചു. അങ്ങനെ വിഷ്ണു തന്റെ തനതായ രൂപത്തിൽ രാജാവിന് മുന്നിൽ പ്രത്യക്ഷപ്പെട്ടു. തന്നെ പരീക്ഷിക്കാൻ വേണ്ടി വന്നതാണെന്നും ആ പരീക്ഷണത്തിൽ രാജാവ് വിജയിച്ചുവെന്നും വിഷ്ണു രാജാവിനോട് പറഞ്ഞു. തന്റെ ഭഗവാനെ കണ്ടതിൽ മഹാബലി രാജാവ് അതീവ സന്തുഷ്ടനായി. വിഷ്ണു രാജാവിന് ഒരു വരം നൽകുകയും ചെയ്തു. രാജാവ് തന്റെ രാജ്യവുമായും പ്രജകളുമായും വളരെയധികം ഇഴുകിച്ചേർന്ന ഒരാളായിരുന്നു. അതുകാരണം, ആണ്ടിലൊരിക്കൽ കേരളം സന്ദർശിക്കാൻ അനുമതി നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. രാജാവിന്റെ മഹാമനസ്കതയിൽ വിഷ്ണുവിന്റെ മനമിളകുകയും രാജാവിന്റെ ആ ആഗ്രഹം സാധിപ്പിച്ചുകൊടുക്കാൻ തയ്യാറാകുകയും ചെയ്തു. ശേഷം, തന്റെ ഭൗതിക സ്വത്തുക്കൾ മുഴുവൻ നഷ്ടപ്പെട്ടെങ്കിലും വിഷ്ണുവും തന്റെയാളുകളും തന്നെ സ്നേഹിക്കുമെന്ന് വാക്ക് നൽകുകയും ചെയ്തു. അപ്രകാരം മഹാബലി രാജാവ് കേരളം സന്ദർശിക്കുന്ന ദിവസം ആ രാജാവിനുള്ള ആദരസൂചകമായിട്ടാണ് എല്ലാ വർഷവും ഓണമായി ഹൈന്ദവർ ആഘോഷിക്കുന്നത്. തങ്ങൾ ഓണത്തപ്പൻ എന്ന് വാത്സല്യത്തോടെ വിളിക്കുന്ന തങ്ങളുടെ രാജാവിനെ സ്വാഗതം ചെയ്യാൻ എല്ലാ വർഷവും ജനങ്ങൾ വ്യാപകമായ ഒരുക്കങ്ങൾ നടത്താറുണ്ട്. തന്റെ പ്രജകൾ സന്തുഷ്ടരാണെന്ന് കാണിച്ചുകൊണ്ട് തങ്ങളുടെ രാജാവിന്റെ ആത്മാവിനെ പ്രീതിപ്പെടുത്താനാണ് അവർ ഉദ്ദേശിക്കുന്നത്. അതിനായി അവർ അദ്ദേഹത്തെ പത്ത് ദിവസങ്ങളിലായി നടത്തുന്ന തയ്യാറെടുപ്പോടെ സ്വാഗതം ചെയ്യും. പത്താം ദിവസമായ തിരുവോണമാണ് ഈ ആഘോഷത്തിലെ ഏറ്റവും വലുതും സുപ്രധാനവുമായ ദിനം. മഹാബലി തന്റെ ജനതയെ സന്ദർശിക്കുന്നത് ഈ ദിവസമാണെന്നാണ് വിശ്വാസം. കൊച്ചിയിൽ നിന്നും പത്ത് കിലോമീറ്റർ അകലെ ഇടപ്പള്ളി-പൂക്കാട്ടുപടി റോഡിലുള്ള തൃക്കാക്കരയിൽ നിന്നാണ് ഓണാഘോഷത്തിന്റെ തുടക്കം. പ്രതാപിയായ മഹാബലി രാജാവിന്റെ തലസ്ഥാനം തൃക്കാക്കരയാണെന്ന് വിശ്വസിക്കപ്പെടുന്നു.

മുസ്ലിംകൾക്ക് അനുവദനീയമായ രണ്ടു ആഘോഷങ്ങളെ കുറിച്ച് നബി(ﷺ) പറഞ്ഞു തന്നിട്ടുണ്ട്. അക്കാര്യം അറിയിച്ചു തന്ന സന്ദർഭം എപ്രകാരമായിരുന്നു എന്ന് നോക്കൂ:

عَنْ أَنَسٍ قَالَ قَدِمَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ الْمَدِينَةَ وَلَهُمْ يَوْمَانِ يَلْعَبُونَ فِيهِمَا فَقَالَ: مَا هَذَانِ الْيَوْمَانِ قَالُوا كُنَّا نَلْعَبُ فِيهِمَا فِي الْجَاهِلِيَّةِ فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ اللَّهَ قَدْ أَبْدَلَكُمْ بِهِمَا خَيْرًا مِنْهُمَا يَوْمَ الْأَضْحَى وَيَوْمَ الْفِطْرِ

"അനസ്(رضي الله عنه) നിവേദനം, നബി(ﷺ) മദീനയിലേക്ക് വന്നപ്പോൾ, അവിടെയുള്ള മുസ്ലിംകൾ രണ്ടു ആഘോഷ ദിവസങ്ങളിൽ കളിവിനോദങ്ങളിലേർപ്പെടുന്നത് കണ്ടു. എന്താണ് ഈ രണ്ടു ദിവസങ്ങളുടെ പ്രത്യേകത എന്ന് നബി(ﷺ) ചോദിക്കുകയും ചെയ്തു. അവർ പറഞ്ഞു: 'ജാഹിലിയ്യാ കാലത്ത് ഞങ്ങൾ ആഘോഷിക്കാറുള്ള രണ്ട് ദിവസങ്ങളാണത്.' അപ്പോൾ നബി(ﷺ) അവരോട് പറഞ്ഞു: 'ആ രണ്ട് ദിവസങ്ങൾക്ക് പകരമായി ഉത്തമമായ രണ്ട് ദിനങ്ങളെ അല്ലാഹു നിങ്ങൾക്കായി നൽകിയിരിക്കുന്നു; ഈദുൽ അദ്ഹയും, ഈദുൽ ഫിത്വ്റുമാണവ.'[12]

ജാഹിലിയ്യാ കാലത്തുള്ള ആഘോഷങ്ങൾക്ക് പകരമായ ആഘോഷം എന്നുള്ളത് സൂചിപ്പിക്കുന്നത് ഇസ്ലാമികേതര ആഘോഷങ്ങളിൽ നിന്നും വിട്ടുനിൽക്കൽ തന്നെയാണ്. അതിന്റെ കണിശത ഒന്നുകൂടി വ്യക്തമാക്കുന്നതാണ് താഴെയുള്ള സംഭവം:

حَدَّثَنِي ثَابِتُ بْنُ الضَّحَّاكِ قَالَ نَذَرَ رَجُلٌ عَلَى عَهْدِ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنْ يَنْحَرَ إِبِلاً بِبُوَانَةَ فَأَتَى النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ إِنِّي نَذَرْتُ أَنْ أَنْحَرَ إِبِلاً بِبُوَانَةَ فَقَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ هَلْ كَانَ فِيهَا وَثَنٌ مِنْ أَوْثَانِ الْجَاهِلِيَّةِ يُعْبَدُ قَالُوا لاَ قَالَ هَلْ كَانَ فِيهَا عِيدٌ مِنْ أَعْيَادِهِمْ قَالُوا لاَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَوْفِ بِنَذْرِكَ فَإِنَّهُ لاَ وَفَاءَ لِنَذْرٍ فِي مَعْصِيَةِ اللَّهِ وَلاَ فِيمَا لاَ يَمْلِكُ ابْنُ آدَمَ

"ഥാബിത് ബ്നു ദ്വഹ്ഹാക് (رضي الله عنه) നിവേദനം, നബി(ﷺ)യുടെ കാലത്ത് ഒരാൾ ബുവാന എന്ന സ്ഥലത്തു വെച്ച് ബലിയറുക്കാൻ നേർച്ച നേരുകയുണ്ടായി. ബുവാനയിൽ വെച്ച് ഒരു ഒട്ടകത്തെ അറുക്കാൻ താൻ നേർച്ചയാക്കിയ കാര്യം അയാൾ നബി(ﷺ)യെ അറിയിച്ചു. നബി(ﷺ)യപ്പോൾ സ്വഹാബികളോട് ചോദിച്ചു: 'ബുവാന എന്ന പ്രദേശത്ത് ജാഹിലിയ്യാ കാലത്ത് ആരാധിക്കപ്പെട്ടിരുന്ന വല്ല ബിംബവും ഉണ്ടായിരുന്നൊ?' സ്വഹാബികൾ പറഞ്ഞു: ഇല്ല. നബി(ﷺ) വീണ്ടും ചോദിച്ചു: 'ബിംബാരാധകരുടെ വല്ല ആഘോഷവും അവിടെ വെച്ച് നടന്നിരുന്നൊ?' അവർ പറഞ്ഞു: ഇല്ല. അപ്പോൾ നബി(ﷺ) ആ വ്യക്തിയോട് പറഞ്ഞു: 'നീ നിന്റെ നേർച്ച നിറവേറ്റി കൊള്ളുക. അല്ലാഹുവിനെ ധിക്കരിക്കുന്നതോ, മനുഷ്യന്റെ അധീനതയിൽപ്പെടാത്തതൊ ആയ നേർച്ചകളാണ് പാലിക്കേണ്ടതില്ലാത്തത്."[13]

---

വിഷ്ണുവിന്റെ അവതാരമായ തൃക്കാക്കരപ്പൻ അഥവാ വാമനമൂർത്തിയുടെ ബിംബം സ്ഥിതി ചെയ്യുന്ന ഒരു ക്ഷേത്രം ഈ സ്ഥലത്തുണ്ട്. വാമനമൂർത്തിയുടെ പ്രതിമ കേരളത്തിൽ മറ്റെവിടെയും കാണാൻ കഴിയില്ല. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ സുചിത്രം ക്ഷേത്രത്തിൽ ഈ 'ഇതിഹാസ പുരുഷനെ' കലാപരമായി ചിത്രീകരിച്ചിട്ടുണ്ട്. ഏതായാലും, മഹാബലി രാജാവിനെ പ്രജകൾ അത്യധികം ആദരിക്കുന്നു എന്ന് കാണിക്കാനാണ് ഓണം ഉത്സാഹപൂർവ്വം കൊണ്ടാടപ്പെടുന്നത്.

[12] സ്വഹീഹ്: അൽബാനി തന്റെ സ്വഹീഹ് അബൂ ദാവൂദിൽ, ന:1134

[13] സ്വഹീഹ്: അൽബാനി തന്റെ സ്വഹീഹ് അബൂ ദാവൂദിൽ, ന:3313

എത്ര കൃത്യമാണ് നബി(ﷺ)യുടെ ഉപദേശം. ആ പ്രദേശത്ത് ബിംബാരാധകരുടെ ആഘോഷം ഇപ്പോഴുണ്ടോ എന്നല്ല നബി(ﷺ) അന്വേഷിച്ചത്, മറിച്ച് മുൻകാലങ്ങളിൽ അവരുടെ വല്ല ആഘോഷവും നടന്നിരുന്നോ എന്നതാണ്. നേർച്ചയാകുന്ന അല്ലാഹുവിനു മാത്രമുള്ള ഒരു ഇബാദത്ത് നിർവഹിക്കുന്നതിൽ ഇത്രമാത്രം കണിശത അല്ലാഹുവിന്റെ പ്രവാചകൻ(ﷺ) കാണിച്ചിട്ടുണ്ടെങ്കിൽ, ബഹുദൈവാരാധകരുടെ തിന്മകളിലേക്ക് മുസ്ലിംകളെ അടുപ്പിക്കാൻ വേണ്ടി തെളിവുകൾ അവഗണിച്ചുക്കൊണ്ട് ഫത്വകൾ നൽകുന്ന മൗദൂദികളെ നാം കരുതിയിരിക്കേണ്ടതുണ്ട്. വാസ്തവത്തിൽ, ദീനും ദുനിയാവും രണ്ടാക്കി എന്ന ആരോപണം കൊട്ടിഘോഷിച്ചുകൊണ്ട് രംഗത്തു വന്നവരാണ് ഇവർ. ഇന്ന് ഇവർക്ക് ദീൻ ഏത് ദുനിയാവ് ഏത് എന്ന് തിരിയാത്ത കോലത്തിലായിരിക്കുന്നു. ജമാഅത്തിന്റെ പ്രസ്തുത കോലം അതീവ വങ്കത്തമായതിനാൽ അൽപം ക്ഷമയോടെ തന്നെ അത് വായിക്കാം:

''ഓണം ദേശീയോത്സവമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അത് ശിർക്ക്പരമായ ആചാരമാണെന്നതിന് തെളിവുകളില്ല. നീതിമാനായ ഭരണാധികാരിയായിരുന്ന മാവേലിയെ വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തുമ്പോൾ നൽകിയ വരമനുസരിച്ച് അദ്ദേഹം കൊല്ലത്തിലൊരിക്കൽ പ്രജകളെ സന്ദർശിക്കാൻ ഭൂമിയിൽ വരുന്നു എന്ന ഐതിഹ്യമാണ് ഓണത്തിന് അടിസ്ഥാനം. ഇത് വെറും കഥയാണെങ്കിലും ശിർക്കുപരമായ ആചാരങ്ങളൊന്നും അതുമായി ബന്ധപ്പെട്ടുകൊണ്ടില്ല. ഉണ്ടെങ്കിൽതന്നെ ശിർക്കുപരമായ ആചാരങ്ങളിൽ നിന്ന് വിട്ടുനിന്നാൽ മതി. അമുസ്ലിംകൾ കൂടിയുള്ള ഒരു സമൂഹത്തിൽ അവരുടെ ആഘോഷങ്ങളിൽ സന്തോഷം പങ്കിടുന്നതും ദരിദ്രരെ സഹായിക്കുന്നതുമൊക്കെ സാമുദായിക സൗഹാർദം ശക്തിപ്പെടുത്തുന്ന നടപടികളാണ്. ആഘോഷവേളകളിൽ ആശംസകൾ നേരുന്നതിനെ മതം വിലക്കിയതായും തെളിയുന്നില്ല.''[14]

ഇവിടെ ദീനും ദുനിയാവും വേർതിരിച്ചുകൊണ്ട് മൗദൂദികൾ രംഗത്തു വന്നിരിക്കുന്നത് എന്ത് അടിസ്ഥാനമാക്കിയാണ്. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തത്തോളം ശറഇലുള്ള അടിസ്ഥാനമാണ് ഇത്തരം വിഷയങ്ങളിൽ പരിഗണിക്കുക. അല്ലാഹുവിന്റെ ശരീഅത്തിനെ മാറ്റി നിറുത്തികൊണ്ട് ഓണം ഒരു ദേശീയോത്സവമാണെന്ന വിളംബരം വാരി പുണരാൻ എന്തൊരു ഹരമാണ് ഇന്ന് മൗദൂദികൾക്കുള്ളത്. എന്നാൽ, പത്ത് ദിവസം ആചരിക്കപ്പെടുന്ന ഓണാഘോഷം ഈ വർഷം മുതൽ ഒരു ദിവസം മാത്രമേ പാടുള്ളൂ എന്നൊ അതല്ല, ഈയൊരു വർഷം ആരും തന്നെ ഓണം ആഘോഷിക്കരുത് എന്നോ ഒരു പ്രഖ്യാപനം നടത്തിയാൽ ഹൈന്ദവ വിശ്വാസികൾക്കിടയിൽ അതിന്റെ ശിർക്ക്പരമായ ആഴം എത്രത്തൊളമുണ്ടെന്നറിയാൻ ഏവർക്കും കഴിയും. വാസ്തവത്തിൽ ഓണത്തിന്റെ ഒന്നാം ദിനം മുതൽ പത്താം ദിനംവരെയുള്ള ഹൈന്ദവരുടെ കർമ്മങ്ങൾ വിശ്വാസത്തിലും ആചാരങ്ങളിലും നിബിഢമാണ്.[15] അതിലെ ഓരോ ദിവസവും ഹൈന്ദവർക്ക് വിശ്വാസപരവും ആചാരപരവു

---

[14] ഒ. അബ്ദുറഹ്മാൻ, ഇസ്ലാം, ഇസ്ലാമിക പ്രസ്ഥാനം, ചോദ്യങ്ങൾക്ക് മറുപടി, പേജ് 271

[15] പത്തു ദിവസം നീണ്ടുനിൽക്കുന്ന ഓണാഘോഷ പരിപാടികളുടെ ഒന്നാം ദിനമാണ് അത്തം. ഹൈന്ദവ വിശ്വാസ പ്രകാരം തിരുവോണം എന്ന നക്ഷത്രത്തിന്റെ പത്ത് ദിവസം മുമ്പ് വരുന്നതാണ് അത്തം എന്ന ദിവസം. അതുകൊണ്ട് തന്നെ, ഈ ദിവസം കേരളത്തിലെ പരമ്പരാഗതജനങ്ങൾ പരിശുദ്ധവും ശുഭസൂചകവുമായ ദിനമായി കണക്കാക്കുന്നു. അത്തത്തിലെ ചടങ്ങുകൾ പൂർത്തീകരിക്കുന്നതിനായി ജനങ്ങൾ നേരത്തെ കുളിക്കുകയും അടുത്തുള്ള ക്ഷേത്രത്തിൽ പോയി പ്രാർത്ഥിക്കുകയും ചെയ്യും. അന്നത്തെ ഏറ്റവും മുഖ്യമായ കാര്യം, വിശ്വാസികൾ അന്ന് മുതൽ അത്തപ്പൂ എന്നറിയപ്പെടുന്ന പൂക്കളമുണ്ടാക്കാൻ തുടങ്ങും എന്നതാണ്. ഇത് ഓണക്കാലത്ത് കേരളം സന്ദർശിക്കുന്ന ഇതിഹാസപുരുഷനായ മഹാബലി രാജാവിന്റെ ആത്മാവിനെ വരവേൽക്കുന്നതിനായി ചെയ്യുന്നതാണ്. തുടർന്നുള്ള ഓരോ ദിവസവും കൂടുതൽ പൂക്കളും ആദ്യത്തെ പൂക്കളത്തോടൊപ്പം ചേർക്കുന്നവരുണ്ട്, അതിലെ ഓരോ പ്രത്യേക പുഷ്പം പ്രത്യേക ദേനവൻമാർക്കായി തിരഞ്ഞെടുക്കുന്നതാണ്. ഓണാഘോഷ പരിപാടികളിലെ രണ്ടാം ദിനമാണ് ചിത്തിരം. അന്നത്തെ ദിവസം ദിവ്യാനുഗ്രഹങ്ങൾ ലഭിക്കുന്നതിന് വേണ്ടി ഹൈന്ദവ ഭക്തർ പ്രാർത്ഥനകൾ നടത്തും. സ്വന്തം വീട്ടിലേക്ക് മാവേലിയെ ക്ഷണിക്കാൻ വിശ്വാസികൾ ആഗ്രഹിക്കുന്നതിനാൽ വീട്ടുമുറ്റത്ത് ഏറ്റവും നല്ല പൂക്കളം നിർമ്മിക്കാൻ ഈ ദിവസവും ശ്രദ്ധിക്കാറുണ്ട്. ഓണാഘോഷ പരിപാടികളുടെ മൂന്നും നാലും ദിവസങ്ങളാണ് ചോധിയും വിശാഖവും. ഈ ദിവസങ്ങൾ ശബ്ദ കോലാഹലങ്ങൾകൊണ്ട് മുഖരിതമാണ്. ഓണാഘോഷത്തിനു വേണ്ടിയുള്ള പുതുവസ്ത്രങ്ങളും അനുബന്ധവസ്തുക്കളും ജനങ്ങൾ വാങ്ങുന്ന ദിവസമായതിനാൽ അങ്ങാടികളിൽ ജനത്തിരക്കു കാണാം. ഓണത്തിന്റെ അഞ്ചാം ദിവസമായ അനിഴത്തിലാണ് വള്ളംകളി മത്സരം നടക്കാറ്. നീണ്ട സർപ്പത്തിന് സമാനമായ ചുണ്ടൻവെള്ളം എന്നറിയപ്പെടുന്ന ധാരാളം വഞ്ചികൾ ഈ വള്ളംകളിയിൽ പങ്കെടുക്കും. ആറൻമുളയിലെ പമ്പാനദീ തീരത്താണ് ഈ മത്സരം നടക്കാറ്. ഓണത്തിന്റെ ആറാം ദിവസമായ തൃക്കേട്ടയിലാണ് കേരള ജനതക്കിടയിൽ സാമൂഹിക ഒത്തുകൂടലുകളും വിവിധ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കപ്പെടാറ്. ഓണത്തിന്റെ രണ്ടാം ദിവസമായ ചിത്തിര മുതൽ ഏഴാം ദിവസമായ മൂലം വരെ പ്രത്യേക ആചാരങ്ങളൊന്നുമില്ല. എന്നാൽ

മായി ഏറെ ബാന്ധവമുള്ളതാണ്. അത് കണ്ടില്ലാ എന്ന് നടിച്ചാണ്, ബഹുദൈവാരാധനയുമായി ഇത്രയും വ്യക്തമായ ഒരു സംഗതിയെയാണ് വാമന ധ്വംസനമേറ്റരൂപത്തിൽ ജമാഅത്തെ ഇസ്‌ലാമി അനുകൂലിക്കുകയും അതിലെ ആഘോഷത്തിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്. യാഥാർത്യവുമായി ബന്ധമില്ലാത്ത ഇതുപോലെയുള്ള വ്യാജങ്ങൾക്ക് സാക്ഷ്യം നിൽക്കാൻ ക്വുർആൻ അനുശാസിച്ച് ജീവിക്കുന്ന മുസ്‌ലിമിന് നിർവ്വാഹമില്ല. അല്ലാഹുവിന്റെ അടിയാറുകളുടെ സ്വഭാവഗുണം എടുത്തുപറയുന്ന കൂട്ടത്തിൽ അല്ലാഹു അക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്.

وَالَّذِينَ لَا يَشْهَدُونَ الزُّورَ وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا

"വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ."[16]

അല്ലാഹുവിന്റെ അടിയാൻമാർ അവിശ്വാസികളുടെ ഉത്സവങ്ങളിൽ സംബന്ധിക്കില്ല എന്നുള്ളത് മേൽ സൂചിപ്പിച്ച ആയത്തിന്റെ വിശദീകരണമായി പണ്ഡിതൻമാർ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിൽ പിന്നെ, അതേ ആഘോഷങ്ങളിലേക്ക് ആളുകളുടെ ശ്രദ്ധയെ ക്ഷണിക്കുന്ന മൗദൂദികൾ സമൂഹത്തിനും സമുദായത്തിനും എത്രമാത്രം അപകടമാണ്. മലയാളികളായ ഹൈന്ദവ വിശ്വാസികൾ പോലും മാവേലിയുമായി ബന്ധപ്പെട്ട മിഥ്യകൾ പ്രചരിപ്പിക്കുന്നതിൽ നിന്നും പുറകോട്ട് വലിയുമ്പോൾ, മാവേലി ഉയർത്തി പിടിച്ച നന്മയും മൂല്യങ്ങളും വളർത്താൻ കഴിയണമെന്ന ആഹ്വാനം പുറപ്പെടുവിക്കാൻ ജമാഅത്തെ ഇസ്‌ലാമിയുടെ (വനിതാ വിഭാഗം) നേതാക്കൾ തയ്യാറായി വരുന്ന കാഴ്ചയും ഇന്ന് നമ്മൾ

---

ഓണത്തിന്റെ എട്ടാം ദിനമായ പുരാടം ഹൈന്ദവർക്ക് പ്രത്യേകതയുള്ള ദിവസമാണ്. ഭക്തജനങ്ങൾ അന്ന് 'മ' എന്നറിയപ്പെടുന്ന ചെറിയ പിരമിഡുകളുടെ ആകൃതിയിൽ കളിമണ്ണ് കൊണ്ട് ബിംബ മുണ്ടാക്കുകയും അതിനെ പൂക്കൾകൊണ്ട് അലങ്കരിക്കുകയും ചെയ്യും. ബിംബമുണ്ടാക്കുന്നത് പൂരാടത്തിന്റെ ദിവസമായതിനാൽ അതിനെ പൂരാട ഉട്ടിഗൽ എന്ന് വിളിക്കപ്പെടുന്നു. ഓണാഘോഷ നാളിന്റെ തൊട്ടുമുമ്പുള്ള ദിനമാണ് ഒമ്പതാം ദിവസമായ ഉത്രാടം. ജനങ്ങൾ മഹാബലി രാജാവിന്റെ ആത്മാവിനെ വരവേൽക്കാൻ തയ്യാറെടുക്കുന്നത് കാരണം വിശ്വാസികൾക്കിടയിൽ ഹർഷോദ്വേകമാണ്. ചില പ്രദേശങ്ങളിൽ ഉത്രാടനാൾ മുതൽ തന്നെ ഓണാഘോഷം വിപുലമായ രീതിയിൽ തുടങ്ങും. ആയതിനാൽ ചിലർ ഉത്രാടത്തെ ഒന്നാം ഓണമെന്നും തിരുവോണത്തെ രണ്ടാം ഓണമെന്നും വിളിക്കാറുണ്ട്. ഉത്രാടത്തിന്റെ ദിവസത്തിലാണ് നായർ തറവാടുകളിലെ കുടിയാൻമാരും ആശ്രിതരും തങ്ങളുടെ കൃഷിയിടങ്ങളിൽ നിന്നുള്ള ഫലങ്ങൾ ഓണക്കാഴ്ച്ചയായി കാരണവൻമാർക്ക് മുമ്പിൽ സമർപ്പിക്കാറുള്ളത്. ഓണാഘോഷങ്ങളിലെ പത്താമത്തേതും ഹൈന്ദവ വിശ്വാസികൾക്കിടയിൽ പ്രധാനപ്പെട്ടതുമായ ദിവസമാണ് തിരുവോണം. തങ്ങളുടെ ഇതിഹാസ പുരുഷനായ മഹാബലി രാജാവിന്റെ ആത്മാവ് കേരളം സന്ദർശിക്കുന്നത് ഈ ദിവസമാണെന്നാണല്ലോ ഇവർ വിശ്വസിക്കുന്നത്. ഭക്തജനങ്ങൾ തങ്ങളുടെ വീടുകൾ വൃത്തിയാക്കുകയും നേരത്തെത്തന്നെ കുളിക്കുകയും പുതുവസ്ത്രം ധരിക്കുകയും വീടുകളിലും ശേഷം പ്രാദേശിക ക്ഷേത്രങ്ങളിലും നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനകളിൽ പങ്കുകൊള്ളുകയും ചെയ്യും. ഒപ്പം മാവേലിയെ വരവേൽക്കുന്നതിനായി മറ്റേതു ദിവസത്തേക്കാളും വലിയ ഒരു പൂക്കളം ഒരുക്കുന്നു. വിഷ്ണുവിനേയും മഹാബലിയേയും പ്രതിനിധീകരിക്കുന്ന കളിമൺപ്രതിമകൾ തയ്യാറാക്കി പൂക്കളത്തിനു മുന്നിൽ വെക്കും. അതുകൂടാതെ കളിമണ്ണ് കൊണ്ട് കോണാകൃതിയിലുള്ള വിവിധ രൂപങ്ങളുണ്ടാക്കുകയും ചുകന്ന വർണ്ണം പൂശുകയും ചെയ്യും. ഇത് അരിമാവും വെള്ളവും ചേർത്തുകൊണ്ടുള്ള ഒരു തരം ദ്രാവകം കൊണ്ടലങ്കരിക്കുകയും വീട്ടുമുറ്റത്തും വീട്ടിലെ മറ്റു പ്രധാന സ്ഥലങ്ങളിലും വെക്കുകയും ചെയ്യും. അതിലുള്ള ചില കളിമൺരൂപങ്ങൾ കോണാകൃതിയിലും മറ്റു ചിലത് ദൈവങ്ങളുടെ രൂപങ്ങളെ പ്രതിനിധീകരിക്കുന്നതുമാണത്രെ. കോണാകൃതിയിലുള്ളവയെ 'തൃക്കാക്കരപ്പൻ' എന്ന് വിളിക്കപ്പെടുന്നു. ഈ ആഘോഷത്തിന്റെ ഉത്ഭവം കൊച്ചിയിൽ നിന്ന് 10 കി.മീ അകലെയുള്ള തൃക്കാക്കരയിൽ നിന്നാണ്. മഹാബലി രാജാവിന്റെ തലസ്ഥാനവും ഇതേ സ്ഥലമാണെന്ന വിശ്വാസം നിലനിൽക്കുന്നുണ്ട്. വിപുലമായ പ്രാർത്ഥനാചടങ്ങുകളും പൂജകളും ഈ ദിവസത്തിൽ നടത്തപ്പെടും. വീട്ടിലെ മുതിർന്ന അംഗം പുരോഹിതന്റെ സ്ഥാനമലങ്കരിക്കുകയും ചടങ്ങുകൾ നടത്തുകയും ചെയ്യും. അദ്ദേഹം നേരത്തെ തന്നെ ഉണരുകയും അത്ത തയ്യാറാക്കുകയും ചെയ്യും. അത്ത, അരിമാവിൽ നിന്നും ശർക്കരപ്പാവിൽനിന്നും ദൈവത്തിനുള്ള നിവേദ്യത്തിനായി തയ്യാറാക്കുന്നതാണ്. ബിംബങ്ങൾക്ക് മുന്നിൽ വിളക്ക് കത്തിക്കുകയും വീട്ടിലുള്ള മുഴുവൻ അംഗങ്ങളും ചടങ്ങുകളിൽ പങ്കുകൊള്ളുകയും ചെയ്യും. പുരോഹിതൻ ദൈവത്തിന്റെ പേരുകളിൽ അത്തയും, പൂക്കളും, വെള്ളവും നൽകുന്നു. ഓണം എന്നത് വിളവെടുപ്പ് കൂടിയായതിനാൽ, ആഘോഷിക്കുന്ന ആളുകൾ സമ്പുഷ്ടമായ വിളവെടുപ്പിന് ദൈവത്തോട് നന്ദി പറയുകയും വരും വർഷങ്ങളിലേക്ക് അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യും. വിചിത്രമായ മറ്റൊരു ആചാരം ഇതിനെത്തുടർന്നുണ്ട്. പുരുഷൻമാരായ അംഗങ്ങൾ ഉച്ചത്തിൽ താളാത്മകമായി, ഉത്സാഹഭരിതമായ ശബ്ദമുണ്ടാക്കും. ഈ ആചാരത്തിന് 'ആർപ്പുവിളികൾ' എന്ന് പറയും. പ്രഭാതചടങ്ങുകൾക്ക് ശേഷം, കുടുംബാംഗങ്ങൾ ഓണസദ്യക്ക് ഒരുങ്ങുകയായി. അതിന്റെ മുമ്പായി കുടുംബത്തിലെ തലമുതിൽന്ന അംഗം പിച്ചള കൊണ്ടുള്ള ഒരു വിളക്ക് കത്തിക്കും. വിളക്കിന്റെ പടിഞ്ഞാറ് ഭാഗത്തായി ഒരു ചെറിയ വാഴയില വെക്കും. അതിലാണ് ഭക്ഷണം വിളമ്പുക. ഇത് ഗണപതി ഭഗവാന്റെ പേരിലുള്ള വഴിപാടാണ്. അതിന് ശേഷമാണ് അവിടെ സന്നിഹിതരായവർക്കെല്ലാം ഊണ് വാഴയിലയിൽ തന്നെ വിളമ്പാറുള്ളത്. ബൃഹത്തായ ആ സദ്യക്ക് ശേഷമാണ് സംസ്ഥാനമൊട്ടാകെ വിശ്വാസികൾ വിവിധ തരത്തിലുള്ള വിനോദപരിപാടികളിൽ മുഴുകുന്നത്. അവിട്ടം, ചതയം എന്ന് യഥാക്രമം അറിയപ്പെടുന്ന പതിനൊന്ന്, പന്ത്രണ്ട് ദിവസങ്ങളിൽ മറ്റു ചില ചടങ്ങുകളുമുണ്ട്. എന്നാൽ ഹൈന്ദവ വിശ്വാസികൾ മഹാബലിയുടെ പ്രീതിക്കു വേണ്ടി ആഹ്ലാദത്തിന്റെ ആത്മാവും ഐശ്വര്യത്തിന്റെ കേദാരവുമായി കേരളനാടിനെ സമർപ്പിക്കുന്നതിന്, ഏറ്റവും വലിയ ആഘോഷപരിപാടികൾ തിരുവോണ ദിവസമായ പത്തിൽ തന്നെയാണ് കൊണ്ടാടാറുള്ളത്.

[16] ക്വുർആൻ 25:72

കാണുന്നുണ്ട്. അല്ലാഹുവിന്റെ ദീനിനെ പരിചയപ്പെടുത്തികൊടുത്ത് മരണാനന്തരം വരാനിരിക്കുന്ന ന്യായവിധി നാളിൽ മനുഷ്യനെ മുഴുവൻ നരകത്തിന്റെ തീയിൽ നിന്നും രക്ഷപ്പെടുത്താൻ പരിശ്രമിക്കേണ്ട മുസ്ലിംകളാണ്, പ്രവാചകൻ(ﷺ) പരിചയപ്പെടുത്തിയ ദീനിനെ അട്ടിമറിച്ചുകൊണ്ട് തന്റെ സ്നേഹം, അസൂയവെക്കുകയും കബളിപ്പിക്കുകയും ചെയ്യുന്ന മനുഷ്യന്റെ വിശേഷണത്തെ ദൈവത്തിന് പരിചയപ്പെടുത്തുന്ന തനി വ്യർത്ഥമായ കെട്ടുകഥകൾക്കു മുമ്പിൽ സമർപ്പിക്കുവാൻ വെമ്പൽ കൊള്ളുന്നത്. ഒരു മനുഷ്യൻ താൻ സ്നേഹിക്കുന്നവരോടൊപ്പമായിരിക്കും അന്ത്യനാളിൽ എന്ന് അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞത് ഇത്തരുണത്തിൽ ഓരോ വിശ്വാസികളും ഓർക്കുന്നത് നല്ലതാണ്.

അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(ﷺ)വിൽ നിന്നും നിവേദനം, നബി(ﷺ) പറഞ്ഞു:

الْمَرْءُ مَعَ مَنْ أَحَبَّ

“ഒരു മനുഷ്യൻ താൻ സ്നേഹിക്കുന്നവരോടൊപ്പമായിരിക്കും”[17]

ഇന്ന് ഒട്ടുമിക്ക ജനങ്ങളുടേയും സ്നേഹവും വെറുപ്പും തങ്ങളുടെ താത്പര്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയായിരിക്കുന്നു. ബഹുമത സമൂഹത്തിൽ ഇതര മത വിഭാഗക്കാരുമായുള്ള ബന്ധങ്ങളും സേവന പ്രവർത്തനങ്ങളും ആത്മാർത്ഥതയിൽ നിന്നും ഉടലെടുക്കേണ്ടതാണ്. അതല്ലാതെ, അകത്തൊന്നും പുറത്തൊന്നും എന്ന നിലക്ക് കേവല പ്രകടനാത്മകതയിൽ ആകേണ്ടതല്ല നമ്മുടെ പ്രവൃത്തികൾ. വിശ്വാസം, കർമ്മം, ആചാരം, ഇടപാട് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഒരു സത്യവിശ്വാസി ഏതെങ്കിലും ഒരു കാര്യം സ്വീകരിക്കുമ്പോൾ ഇസ്ലാമിക ശരീഅത്തിനോടാണ് പ്രിയം വെക്കേണ്ടതും അവലംബിക്കേണ്ടതും. എന്നാൽ ഓണാഘോഷം പോലെയുള്ള അനിസ്ലാമികതയെ അനുവദനീയമാക്കുന്നതിനു വേണ്ടി ഇസ്ലാമിക ശരീഅത്തിനെ തന്നെ കത്തി വെക്കുകയാണ് ജമാഅത്തിന്റെ മുഫ്തിമാർ ചെയ്യുന്നത്. അതിന്റെ ഒരു ഉദാഹരണമാണ് താഴെ:

“എല്ലാ കാര്യങ്ങളും അനുവദനീയമാണ്, നിരോധിക്കപ്പെട്ടതൊഴികെ എന്നതാണ് ശരീഅത്തിന്റെ മൗലിക കാഴ്ചപ്പാട്. അതായത് ഒരു സംഗതി പാടില്ല എന്ന് പ്രഖ്യാപിക്കണ മെങ്കിൽ ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ തെളിവുകൾ വേണം. പാടുണ്ട് എന്നതിന് തെളിവുകൾ ആവശ്യമില്ല. അതുപോലെ ഏത് കാര്യത്തിലും തിന്മയേക്കാൾ നന്മയാണ് കൂടുതലെങ്കിൽ അത് ശരിയും നന്മയേക്കാൾ തിന്മയാണ് അധികമെങ്കിൽ അത് തെറ്റും എന്നതാണ് രണ്ടാമത്തെ അടിസ്ഥാനം. മദ്യവും ചൂതാട്ടവും വിലക്കിക്കൊണ്ടുള്ള ഖുർആൻ സൂക്തത്തിൽ രണ്ടിന്റെയും ദോഷമാണ് പ്രയോജനത്തേക്കാൾ വലുത് എന്നതാണ് കാരണമായി പറഞ്ഞിട്ടുള്ളത്. മൂന്നാമത്, ദീനിന്റെ പൊതുവായ മസ്ലഹത്ത് (താൽപര്യം) കൂടി കണക്കിലെടുത്ത് വേണം ഖണ്ഡിത പ്രമാണങ്ങളിലില്ലാത്ത ആചാരസമ്പ്രദായങ്ങളിൽ തെറ്റും ശരിയും തീരുമാനിക്കാൻ. അമുസ്ലിം ആഘോഷവേളകളിലെ നിർദോഷമായ പങ്കാളിത്തവും അശംസകളർപ്പിക്കലും വിലക്കുന്ന ഖണ്ഡിതമായ രേഖകളില്ല. ബഹുസ്വര സമൂഹത്തിൽ അതുകൊണ്ട് ദോഷങ്ങളേക്കാൾ എത്രയോ കൂടുതൽ നന്മയാണുള്ളതും. വിശിഷ്യാ, പ്രബോധനപരമായ കാഴ്ചപ്പാടിൽ.”[18]

പ്രവാചക(ﷺ)ന്റെ അധ്യാപനങ്ങളിൽ വന്ന താക്കീതുകൾക്കു നേരെ കണ്ണുപൊത്തുകയും, ശിർക്കിലെ ‘നന്മകൾ’ കണ്ടെത്താൻ ഗവേഷണം നടത്തുകയും ചെയ്യുന്ന ഇവരോട് എന്ത് പറയാൻ! അമുസ്ലിം ആഘോഷം എന്നാൽ ഇസ്ലാമികമല്ലാത്ത ആഘോഷം എന്നത് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ പ്രസ്തുത ആഘോഷം ഇസ്ലാമിക ശരീഅത്ത് ഉദ്ദേശിക്കുന്ന ആചാര സമ്പ്രദായങ്ങളിൽ പെട്ടതല്ല എന്നത് പകൽ പോലെ വ്യക്തവുമാണ്. അക്കാരണത്താൽതന്നെ അതിലെ ദോഷവും നിർദോഷവും അന്വേഷിക്കുന്നത്

[17] ബുഖാരി

[18] മുജീബ്, പ്രബോധനം, 5 നവംബർ 2011

വിവരക്കേടാണ്. മാത്രമല്ല, ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആരാധനാപരമായ ഏതു കാര്യങ്ങളിലും നബി(ﷺ)യെ ഇത്തിബാഅ് ചെയ്യുക എന്നതു മാത്രമാണ് ഏകവഴി. അതുകൊണ്ട് തന്നെ മതപരമായ ആഘോഷങ്ങളിൽ നബി(ﷺ)യുടെ കൃത്യമായ അധ്യാപനം പിൻപറ്റേണ്ടത് അനിവാര്യവുമായിത്തീരുന്നു. പക്ഷെ, മുആമലാത്തുകളിൽ (ഇടപാടുകളിൽ) ജമാഅത്തുകാരൻ മേൽ സൂചിപ്പിച്ച ഒന്നാമത്തേതും രണ്ടാമത്തേതുമായ കർമ്മശാസ്ത്ര നിയമങ്ങൾ ബാധകമാകുന്നതാണ്. ഇതരമത സങ്കൽപങ്ങളുമായി ബന്ധപ്പെട്ട ഒരു ആഘോഷത്തിന് ഇസ്‌ലാമികമായ പരിവേഷം നൽകുന്നതിനു വേണ്ടി ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ മുആമലാത്തുകളുടെ കാര്യത്തിൽ പഠിപ്പിക്കപ്പെട്ട ഒരു നിയമമാണ് മൗദൂദിസ്റ്റ് ഇവിടെ തെളിവായി കൊടുക്കുന്നത് എന്നത് കൗതുകമുണർത്തുന്ന സംഗതി തന്നെയാണ്. കാരണം, മൗദൂദികളെ സംബന്ധിച്ചിടത്തോളം ഈ വിഭജനം അവർ അംഗീകരിക്കുന്ന ഒന്നല്ല. ജീവിതം മുഴുവനും ഇബാദത്തായതിനാൽ മതത്തിൽ നിന്നു തന്നെ പുറത്തുപോകുന്ന വലിയ പാതകമായാണ് പ്രസ്തുത വിഭജനത്തെ ഇവർ നോക്കിക്കാണുന്നത്! ശൈഖ് മുഹമ്മദ് കാരക്കുന്ന് ഈജിപ്തിലെ ഇഖ്‌വാനികളുടെ നേതാവിന്റെ മൊഴികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകൊണ്ട് പഠിപ്പിച്ച ആ തക്ഫീരിയൻ ഡയലോഗ് കേട്ടോളൂ:

“മനുഷ്യകർമ്മങ്ങൾ ‘ഇബാദത്തു’കളും ‘മുആമലാത്തുകളും’ ആയി വിഭജിക്കപ്പെട്ടത് പിൽകാലത്തുണ്ടായ കർമ്മ ശാസ്ത്രകാര്യങ്ങളുടെ ക്രോഡീകരണത്തിലൂടെയാണ്. ആദ്യത്തിൽ അതിന്റെ ഉദ്ദേശ്യം വൈജ്ഞാനിക കൃതികളുടെ സ്വഭാവമനുസരിച്ചുള്ള വിഷയപരമായ വിഭജനം മാത്രമായിരുന്നു. ഖേദകരമെന്ന് പറയട്ടെ കാലം ചെന്നപ്പോൾ അത് സങ്കൽപത്തിലും ഇസ്‌ലാമിക ജീവിതത്തിലും ചീത്ത സ്വാധീനങ്ങളുണ്ടാക്കി. കർമ്മശാസ്ത്രം അവതരിപ്പിക്കുന്ന ആരാധനാകർമ്മങ്ങളുടെ ഒന്നാമത്തെ വശം മാത്രമാണ് ‘ഇബാദത്ത്’ എന്ന ധാരണ ജനങ്ങൾക്കുണ്ടായി. സാമൂഹിക ഇടപാടുകളെക്കുറിച്ചുള്ള വിജ്ഞാനങ്ങൾ അവതരിപ്പിക്കുന്ന രണ്ടാമത്തെ ഇനത്തിലുള്ള പ്രവർത്തനങ്ങളെ ഇതുമായി ബന്ധിപ്പിച്ചില്ല. ഇത് ഇസ്‌ലാമിക ദർശനത്തിൽ നിന്നുള്ള വ്യതിചലനമാണെന്നതിൽ സംശയമില്ല. ഇബാദത്തിന്റെ ആശയമുൾക്കൊള്ളാത്ത ഒരു മനുഷ്യകർമ്മവും ഇസ്‌ലാമിക സങ്കൽപത്തിലില്ല. ഇസ്‌ലാമിക വ്യവസ്ഥിതിയിൽ ഭരണനിയമങ്ങൾക്കും സാമ്പത്തിക ക്രമത്തിനും സിവിൽ-ക്രിമിനൽ നിയമങ്ങൾക്കും നാഗരിക ചട്ടങ്ങൾക്കും, കുടുംബ വ്യവസ്ഥക്കും ഇബാദത്തിന്റെ സാക്ഷാൽക്കരണം എന്ന ലക്ഷ്യമേയുള്ളു. ദൈവിക വ്യവസ്ഥിതിക്കനുരൂപമായി മനുഷ്യകർമ്മങ്ങളെ പരിവർത്തിപ്പിച്ചാലല്ലാതെ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സാധ്യമല്ല. കർമ്മശാസ്ത്രപണ്ഡിതർ ഇബാദത്തുകൾ എന്ന് വിശേഷിപ്പിച്ച കർമ്മങ്ങളെ പറ്റിയുള്ള ഖുർആനിക പരാമർശങ്ങൾ പരിശോധിക്കുമ്പോൾ ‘മുആമലാത്ത്’ എന്ന പേരിൽ മാറ്റി വെക്കാൻ പറ്റിയ ഒരു മനുഷ്യചലനവുമില്ല എന്ന് സ്പഷ്ടമാവും. ‘രണ്ടും ഒന്നിച്ചവതരിപ്പി ക്കുന്ന ശൈലിയാണ് ഖുർആനുള്ളത്’. മനുഷ്യാസ്തിത്വത്തിന്റെ ലക്ഷ്യമായ ഇബാദത്തുകളുടെ ഭാഗമാണ് രണ്ടാമത്തേതും. എന്നാൽ ഈ വിഭജനഫലമായി, ജീവിത ഇടപാടുകളിൽ ഇതര വ്യവസ്ഥിതികൾ പിന്തുടർന്നാലും ഇസ്‌ലാമിക വിധിപ്രകാരം ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നത് കൊണ്ട് മാത്രം മുസ്‌ലിംകളായിത്തീരുമെന്ന് ചിലർ മനസ്സിലാക്കി. ഇത് ഒരു വലിയ തെറ്റിദ്ധാരണയാണ്. ഇസ്‌ലാം ഒരേകത്വമാണ്. അത് അവിഛേദ്യമാണ്. അതിനെ രണ്ടായി വിഭജിക്കുന്നവൻ അതിന്റെ ഏകീഭാവത്തിൽ നിന്ന് പുറത്തുകടക്കുകയാണ് ചെയ്യുന്നത്. മറ്റൊരു ഭാഷയിൽ അത് ദീനിൽ നിന്ന് തന്നെയുള്ള പുറത്തുപോകലാണ്. ഇസ്‌ലാമിനെ സാർത്ഥകമാക്കാനും അതുവഴി ജീവിതലക്ഷ്യം സാക്ഷാൽകരിക്കാനും അഗ്രഹിക്കുന്ന ഓരോ മുസ്‌ലിമും മനസ്സിലാക്കേണ്ട വലിയ ഒരു യാഥാർത്ഥ്യമാണിത്. ഇത് ഗ്രഹിക്കേണ്ടത് വിശ്വാസവിഭാവനയുടെ സംസ്കരണത്തിന് മാത്രമല്ല, ജീവിതാസ്വാദനം പൂർണ്ണതയുടെ ഉന്നതവിതാനങ്ങളിലെത്താനും കൂടിയാണ്. ജീവിതം മുഴുവൻ ഇബാദത്തായിത്തീരുമ്പോൾ മാനവജീവിതത്തിന്റെ മൂല്യം സ്വയം ഉയരുന്നു. അല്ലാഹുവിന്റെ മാത്രം ദിവ്യത്വം അംഗീകരിക്കുകയും അടിമത്വം അവനുമാത്രം അർപ്പിക്കുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്.”[19]

---

[19] സയ്യിദ് ഖുതുബ്, ഇസ്‌ലാം: സവിശേഷതകൾ, പേജ് 176

ഇബാദാത്തുകളുടെയും മുആമലാത്തുകളുടെയും വിഭജനം നൽകിയതു വഴി പ്രവാചകനുശേഷം വന്ന പിൻതലമുറക്കാരായ പണ്ഡിതൻമാർ ദീനിൽ നിന്നു തന്നെ പുറത്തു പോകാവുന്ന ഒരു സംഗതിയാണ് പ്രവർത്തിച്ചത് എന്ന് മൗദൂദിയുടെ അതേ ശൈലിയിൽ ഉറക്കെ വിളിച്ചു പറയുമ്പോൾ, അതിലെ മുആമലാത്തുമായി ബന്ധപ്പെട്ട ഒരു തത്വം എടുത്തു വിശ്വാസപരവും ആചാരപരവുമായ വിഷയത്തിൽ കൊണ്ടുപോയി ഫിറ്റു ചെയ്ത ക്രൂരതക്ക് എന്താണ് നാം അവരെ വിളിക്കേണ്ടത്?! വാസ്തവത്തിൽ വ്യക്തമായ അവബോധത്തോടു കൂടി തന്നെയാണ് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതർ ഇബാദത്തുകളുടെയും മുആമലാത്തുകളുടെയും വിഭജനം നിർവ്വഹിച്ചിട്ടുള്ളത്. മുഫസ്സിറുകളും മുഹദ്ദിഥുകളും ഫുഖഹാക്കളും നിറഞ്ഞുനിന്ന വളരെ തിളക്കമാർന്ന ഒരു കാലഘട്ടം സലഫുകളുടെ ചരിത്രത്തിലേക്ക് ഇറങ്ങി ചെന്നാൽ ദർശിക്കാൻ കഴിയും. അതിന് മങ്ങലേറ്റിട്ടുണ്ടെങ്കിൽ അത് പ്രസ്തുത വിഭജനം കൊണ്ടുണ്ടായതല്ല, പ്രത്യുത മദ്ഹബീ പക്ഷപാതത്തിന്റെയും അനുകരണത്തിന്റെയുമെല്ലാം പരിണതിയായി ഉടലെടുത്ത അജ്ഞതയായിരുന്നു.

ഇബാദാത്തും മുആമലാത്തും വേർ തിരിക്കുന്നത് ദീനും ദുനിയാവും രണ്ടാക്കലാണെന്നും, ജീവിതമാകട്ടെ മുഴുവനായും ഇബാദത്താണെന്നും കണ്ടുപിടിച്ച ജമാഅത്തെ ഇസ്‌ലാമി അതുവഴി ഉണ്ടായെന്ന് പറയപ്പെടുന്ന അപകടം പലപ്പോഴായി വിളിച്ചുപറയാറുണ്ട്. ഇബാദത്തിന്റെ പരിധിയിൽ വെറും ആരാധനാകർമ്മങ്ങൾ മാത്രമായി ചുരുങ്ങുകയും മറ്റുള്ള ഇടപാടുകളിൽ അല്ലാഹുവുമായി ബന്ധം നഷ്ടപ്പെടുത്തലുമാകും എന്നതായിരുന്നു അവരുടെ അതിരുവിട്ട സങ്കടം. എന്നാൽ ഇതേ ആളുകൾ സാമൂഹിക ഇടപാടുകളെക്കുറിച്ചുള്ള ഇസ്‌ലാമിക നിയമങ്ങൾ ഇതര മതസ്ഥരുടെ ഓണം പോലെയുള്ള ആഘോഷത്തിലേക്ക് ബന്ധിപ്പിച്ചതിന്റെ അപകടം നമ്മൾ കണ്ടു കഴിഞ്ഞല്ലോ. വേണ്ടത്ര വിജ്ഞാനമില്ലാതെ എന്തിനും കയറി ഫത്‌വ കൊടുക്കുന്ന മൗദൂദികളുടെ ഈ സ്വഭാവം വലിയ അപകടമാണ് വിശ്വാസീവൃത്തത്തിനകത്ത് ഉണ്ടാക്കുന്നത്. യഥാർത്ഥത്തിൽ മൗദൂദികൾ പറയും പോലെ ഇബാദാത്തും മുആമലാത്തും വിഭജിക്കുക വഴി ആരാധനയിൽ മാത്രം ഇസ്‌ലാം ദീനിനെ പരിമിതപ്പെടുത്തലാണൊ സംഭവിക്കുന്നത്? അല്ല എന്നുള്ളതാണ് ഉത്തരം. പ്രസ്തുത വിഭജനത്തിന്റെ ആഴവും അതിന്റെ ഫലവും ആവശ്യകതും വേണ്ടുവോളം ബോധ്യപ്പെട്ടിട്ടുതന്നെയാണ് മഹാൻമാരായ പണ്ഡിതർ അങ്ങനെയൊരു കർത്തവ്യത്തിന് മുതിർന്നത്. അതിനെ കുറിച്ച് ആധികാരികമായി മനസ്സിലാക്കുവാൻ അബ്ദുൽ ഹഖ് സുല്ലമി വിവർത്തനം ചെയ്ത് കെ.എൻ.എം പ്രസിദ്ധീകരിച്ച 'ഇസ്‌ലാമിക കർമശാസ്ത്ര ചരിത്രം' എന്ന ഗ്രന്ഥം സത്യാന്വേഷകർക്ക് ഉപകാരപ്പെടും. അതിൽ ഇക്കാര്യം ഇപ്രകാരം വിശദീകരിക്കുന്നുണ്ട്:

"പൊതുവെ ഫുഖഹാക്കളെല്ലാം ശറഇയ്യായ വിധികളെ ഇബാദാത്ത് (ആരാധനാകർമ്മങ്ങൾ) മുആമലാത്ത് (ഇടപാടുകൾ) എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. അങ്ങിനെ വേർതിരിക്കാൻ അവർ കണ്ട വ്യത്യാസം ഇവയാണ്. (ഒന്ന്) ഇബാദത്ത്, മുആമലാത്ത് എന്നിവയുടെ അടിസ്ഥാന ലക്ഷ്യങ്ങളുടെ വ്യത്യാസം. ശറഈ വിധികളുടെ പ്രഥമലക്ഷ്യം അല്ലാഹുവിലേക്കുള്ള അടുപ്പം തേടലും അവനു നന്ദിപ്രകടിപ്പിക്കലുമായതിനാൽ ആ ഗണത്തിൽപെട്ട വിഷയങ്ങളെ ഇബാദത്തുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നമസ്കാരം, സകാത്ത്, വ്രതം, ഹജ്ജ് എന്നിങ്ങനെയുള്ള വിഷയങ്ങളാണ് അവ. ഭൗതികമായ നന്മയുടെ സാക്ഷാൽക്കാരമോ, രണ്ടു വ്യക്തികൾ തമ്മിലുള്ള ബന്ധത്തിന്റെ വ്യവസ്ഥയോ ആണ് ലക്ഷ്യമെങ്കിൽ അത്തരം വിഷയങ്ങളെ ഇടപാടുകൾ (മുആമലാത്ത്) എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (രണ്ട്) ഇബാദാത്തുകളുടെ അടിസ്ഥാനം ബുദ്ധിക്ക് ആശയം ഗ്രഹിക്കാൻ കഴിയാത്തവയാണെന്ന് ഫുഖഹാക്കൾ കണ്ടെത്തിയിട്ടുണ്ട്. ശറഇൽ വിധി രൂപത്തിലോ നിരോധ രൂപത്തിലോ വന്നതിന്റെ താൽപര്യം അല്ലാഹുവിനു മാത്രമേ അറിയൂ. അത്തരം വിഷയങ്ങൾ ആരാധനയിൽ പരിമിതപ്പെടുത്തിയിരിക്കുന്നുവെന്നതിന് ഏറ്റവും വലിയ തെളിവ് അവ ബുദ്ധിക്ക് മനസ്സിലാക്കാനോ കണ്ടെത്താനോ കഴിയാത്തവയാണെന്നതു തന്നെയാണ്. ഇനി അത്തരം വിഷയങ്ങളുടെ പൊരുൾ നമുക്കറിയാൻ കഴിഞ്ഞാൽ തന്നെ മൊത്തത്തിലല്ലാതെ വിശദമായി അറിയാൻ കഴിയില്ല. എന്നാൽ അചാരങ്ങളുടെ സ്ഥിതി അതല്ല; അതിന്റെ അടിസ്ഥാനം അവയുടെ പൊരുൾ ബുദ്ധിക്ക് കണ്ടെത്താൻ കഴിയുമെന്നതാണ്. അതു

കൊണ്ടുതന്നെയാണ് അത്തരത്തിൽപെട്ട വിഷയങ്ങളുടെ വിധികൾ കണ്ടെത്താൻ പ്രവാചകൻമാരുടെ ഇടവേളകാലത്ത് ബുദ്ധിമാൻമാർ ശ്രമിച്ചത്. അങ്ങനെ അവർക്ക് ധാരാളം ശരികൾ കണ്ടെത്താൻ കഴിഞ്ഞു. അവർ കണ്ടെത്തിയ പലതിനെയും പിന്നീട് ഇസ്‌ലാം അംഗീകരിക്കുകയാണ് ചെയ്തത്. തശ്‌രീഇന്റെ രീതിയും ഈ മാർഗത്തിലേക്ക് നമുക്ക് വഴികാണിക്കുന്നു. അവർ ഓരൊന്നിന്റെയും വിശദീകരണം പറയാതെ പൊതുവായ ഒരടിത്തറ പാകുകയാണ് ചെയ്തത്. തദടിസ്ഥാനത്തിൽ ഏതു ചുറ്റുപാടിലും ഏതുകാലത്തും മതവിധികൾ ഉണ്ടാക്കാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇബാദാത്തുകളുടെ സ്ഥിതി അതല്ല. ഖുർആൻ ആ വിഷയങ്ങളിൽ മൊത്തത്തിൽ കാര്യങ്ങൾ പറഞ്ഞു. പ്രവാചകൻ ആവശ്യമായ വിശദീകരണങ്ങൾ നൽകുകയും ചെയ്തു. (മൂന്ന്) ഇബാദാത്തുകളിൽ ഇത് അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കൽപനയാണെന്ന അറിവുണ്ടായിരിക്കൽ അതിന്റെ തക്‌ലീഫിന്റെ നിബന്ധനയാണ്. അതായത് മുകല്ലഫായ അടിമ ആ കർമ്മങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രതിഫലവും അവനിലേക്കുള്ള സാമീപ്യവും ലക്ഷ്യംവെക്കേണ്ടതാണ്. താൻ ചെയ്യുന്ന അനുഷ്ഠാനകർമ്മങ്ങൾ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള കൽപനയാണെന്ന ബോധമുണ്ടാകുമ്പോഴേ ഈ നിയ്യത്ത് സാധ്യമാകൂ. എന്നാൽ ഇടപാടുകളിൽ ഈ വിധമുള്ള നിയ്യത്ത് ആ പ്രവൃത്തി ശരിയാകാൻ ആവശ്യമില്ല. പക്ഷെ നിയ്യത്തു കൂടാതെ അല്ലാഹുവിന്റെയടുക്കൽ അതിനു പ്രതിഫലമില്ല. അമാനത്ത് തിരിച്ചുകൊടുക്കുക, കടം വീട്ടുക, കവർന്നെടുത്തത് മടക്കിക്കൊടുക്കുക, ഭാര്യക്ക് ചെലവിന് കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ ഉദാഹരണം. ഭരണാധികാരിയെ ഭയന്ന് ഇവകൾ ഒരാൾ ചെയ്താൽ ആ പ്രവൃത്തി അംഗീകരിക്കപ്പെടും, അവൻ ബാദ്ധ്യതയിൽ നിന്ന് ഒഴിവാകുകയും ചെയ്യും. നിയ്യത്തില്ലാത്ത തിനാൽ പ്രവർത്തി ശരിയായിട്ടില്ലെന്ന് പറഞ്ഞു പരലോകത്ത് അവൻ കുറ്റകാരനാവുകയുമില്ല. കാരണം അവന്റെ ബാദ്ധ്യത അവൻ നിറവേറ്റി. എന്നാൽ സദുദ്ദേശം ഇല്ലാത്തതിനാൽ ആ കർമങ്ങൾക്ക് പരലോകത്ത് അവന് പ്രതിഫലം ലഭിക്കുകയില്ല.”[20]

ഇത്രമാത്രം വ്യക്തമായ ഒരു സംഗതിയെയാണ് ദീനിൽ നിന്നും പുറത്തുപോകുന്ന തരത്തിലുള്ള വിഭജനമായി ജമാഅത്തെ ഇസ്‌ലാമി മലയാളികൾക്കിടയിൽ പരിചയപ്പെടുത്തിയത്. എന്നാൽ ഇസ്‌ലാമിന് നിരക്കാത്ത ബഹുദൈവാരാധനയുമായി അങ്ങേയറ്റം ബന്ധമുള്ള ഇതര മതസ്ഥരുടെ ആഘോഷങ്ങളിൽ നിർലോഭം പങ്കെടുക്കാൻ ‘ദീനിൽ നിന്നും പുറത്തുപോകുന്ന’ ഈ മതനിയമത്തെ അതേ ആളുകൾ തന്നെ തെറ്റായി ഉപയോഗിക്കുകയും ചെയ്യുന്നു. എന്തുകൊണ്ട് ഈ രൂപത്തിലുള്ള ദ്വൈമുഖം ഇവരുടെ ഭാഗത്തുനിന്നും തുടരെ തുടരെ അനുഭവപ്പെടുന്നു? ഉത്തരം ലളിതമാണ്; തങ്ങൾ പ്രബോധനം ചെയ്യുന്ന ആദർശം ബുദ്ധിക്കും ഇംഗിതത്തിനുമനുസരിച്ച്, പൂർവ്വസൂരികൾക്ക് പരിചയമില്ലാത്ത പലതും കുത്തിനിറച്ചുകൊണ്ട് കലർപ്പുള്ളതാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ അതിന്റെ നിലനിൽപിനു വേണ്ടി തൂലിക ഉപയോഗിക്കുമ്പോൾ അബദ്ധങ്ങളായ പലതും കയറിക്കൂടുക സ്വാഭാവികമാണ്. ഒരു കാലത്ത് അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ നിയമം മാത്രം നിലനിൽക്കണം ബാക്കിയുള്ളതെല്ലാം തച്ചു തകർക്കണം എന്ന ഭീകരവാദവുമായി കടന്നു വന്ന മൗദൂദികൾക്ക്, അതിനെതുടർന്ന് കിട്ടിയ ജയിൽവാസവും ഗോതമ്പുണ്ടയും ദേഹമാസകലം മാത്രമല്ല മാറ്റം വരുത്തിയത്, മറിച്ച് തങ്ങൾ പ്രഖ്യാപിച്ച ആദർശം മുച്ചൂടും തന്നെ മാറ്റത്തിനു വിധേയമായി. ഇന്ന് ആരുമായും ഏതുതരത്തിലുമുള്ള അനുരഞ്ജനത്തിനും ജമാഅത്തെ ഇസ്‌ലാമി റെഡിയാണ്. മാവേലിയുടെ വരവിനെ അതീവ ഹരത്തോടെ വരവേൽക്കുന്ന കൗതുകകരമായ കാഴ്ചകൾ ഈ അയവിന്റെ സാമ്പിളുകളിൽ ഒന്നാണ്. ജീവിതം മുഴുവൻ ഇബാദത്താണെന്ന് തർക്കിക്കാൻ മൗദൂദികൾ നിർലജ്ജം എന്നിട്ടും ബാക്കി!!

സഹോദരൻമാരെ, ഈ ലേഖനത്തിന്റെ പ്രാരംഭത്തിൽ സൂചിപ്പിച്ചതുപോലെ അമുസ്‌ലിംകളു മായി നല്ല രൂപത്തിൽ വർത്തിക്കുക എന്നുള്ളത് ദൈവകൃപ കാംക്ഷിക്കുന്ന ഓരോ മുസ്‌ലിമും അവരുടെ മര്യാദയിൽ ഉൾപ്പെടുത്തേണ്ട കാര്യം തന്നെയാണ്. അമുസ്‌ലിം പൗരന്മാരെ വല്ലവരും അടിച്ചമർത്തുകയോ അവരുടെമേൽ കഴിവിനതീതമായ നികുതിഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യനാളിൽ അവർക്കെതിരെ സ്വയംതന്നെ പരാതി ബോധിപ്പിക്കു

[20] ഡോ. ഉമർ സുലൈമാൻ അൽഅശ്ഖർ, ഇസ്‌ലാമിക കർമശാസ്ത്ര ചരിത്രം, പേജ് 28, 29

ന്നതാണ് എന്ന് പറഞ്ഞ മുഹമ്മദ് നബി(ﷺ)യുടെ[21] അനുയായികൾക്ക് അമുസ്‌ലിംകളോട് നല്ല നിലയിലല്ലാതെ എങ്ങനെയാണ് വർത്തിക്കാൻ കഴിയുക. എന്നാൽ, അതിന്റെയർത്ഥം നമുക്ക് അവരോടുള്ള സമീപനത്തിൽ ഉള്ളിലൊന്നും നാക്കിലൊന്നും കയ്യിലൊന്നും എന്ന തരത്തിൽ തീർത്ഥും ആത്മാർത്ഥതയില്ലാത്ത ബന്ധങ്ങളാണ് വേണ്ടത് എന്നതല്ല. ഏകദൈവാരാധനയിൽ ജീവിതം നയിക്കുന്ന ഒരു മുസ്‌ലിമിനെ സംബന്ധിച്ച് അല്ലാഹുവിനോട് പാലിക്കേണ്ട അനേകം ബാധ്യതകളുണ്ട്. അതിൽപെട്ടതാണ് അമുസ്‌ലിം സുഹൃത്തുക്കൾക്ക് അവരുടെ ബഹുദൈവാരാധനയുടെ നിരർത്ഥകതയെ ബോധ്യപ്പെടുത്തലും മരണാനന്തരമുള്ള ജീവിതത്തെ കുറിച്ച് അറിയിച്ചുകൊടുക്കലും. അതെല്ലാം മറച്ചുവെച്ചുകൊണ്ട് അവരുടെ മതവിശ്വാസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആഘോഷങ്ങളിൽ പങ്കെടുക്കുകയും അതിന് ആശംസകളർപ്പിക്കുകയും ചെയ്യുക എന്നുള്ളത് അതിനോടുള്ള അംഗീകാരമാണെന്നതിൽ സംശയമില്ല. അവിശ്വാസികൾക്ക് തങ്ങളുടെ മതത്തിലുള്ള പോരായ്മകളും വികല സങ്കൽപങ്ങളും അതുവഴി രൂഢമാകുവാനേ ഉപകരിക്കുകയുള്ളൂ. വിശ്വാസപരമായി മൗദൂദികൾ അമുസ്‌ലിംകളോട് ചെയ്യുന്ന അനീതി പ്രകടമാകുന്നത് ഇവിടെയാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ പിറവി മുതൽ ഇസ്‌ലാം ദീനിനെ സ്നേഹിക്കുന്നവർ ഈ ഒരു പ്രസ്ഥാനത്തെ എതിർത്തിട്ടുണ്ട്, വിശിഷ്യാ മൗദൂദിയുടെ കുപ്രസിദ്ധമായ തീവ്രവാദങ്ങളെ ചവറ്റുകൊട്ടയിൽ എറിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ക്വുർആനും സുന്നത്തും പൂർവ്വികരായ സലഫുസ്സാലിഹീങ്ങൾ മനസ്സിലാക്കിയതിന് പുറമയുള്ള മൗദൂദിയുടെ കണ്ടെത്തലുകളെയാണ് പ്രസ്തുത എതിർപ്പുകൊണ്ട് ഗുണകാംക്ഷകർ ഉദ്ദേശിച്ചതും നിരാകരിക്കാൻ ആവശ്യപ്പെട്ടതും. പക്ഷെ എന്തുകൊണ്ടോ, മൗദൂദികൾ ഇന്ന് ദീനിൽ ഇല്ലാത്തവയെ കൊള്ളാനും ദീനിൽ ഉള്ളവയെ തള്ളാനും പാകമായ രൂപത്തിലാണ് ചെന്നെത്തിയിരിക്കുന്നത്. മതകാര്യത്തിൽ അവിശ്വാസികളുമായുള്ള സഹകരണവുമായി ബന്ധപ്പെട്ട് അവതരിച്ച സൂറഃ അൽകാഫിറൂനിന്റെ തഫ്ഹീമുൽ ക്വുർആനിലെ വിശദീകരണത്തോട് ഇന്നത്തെ മൗദൂദികൾ എടുത്ത നിലപാട് അക്കാര്യം നസ്സംശയം വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ആയത്തും മൗദൂദിയുടെ വിശദീകരണവും ഇവരുടെ കണ്ണ് തുറപ്പിക്കും എന്ന സദുദ്ദേശ്യത്തോടെ അവസാനമായി ഇവിടെ പകർത്തുകയാണ്.

قُلْ يَا أَيُّهَا الْكَافِرُونَ * لَا أَعْبُدُ مَا تَعْبُدُونَ * وَلَا أَنتُمْ عَابِدُونَ مَا أَعْبُدُ * وَلَا أَنَا عَابِدٌ مَّا عَبَدتُّمْ * وَلَا أَنتُمْ عَابِدُونَ مَا أَعْبُدُ * لَكُمْ دِينُكُمْ وَلِيَ دِينِ

“പറയുക: അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല. ഞാൻ ആരാധിച്ചു വരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും.”[22]

ഇനി മൗദൂദി മേൽ ആയത്തിന്റെ അവതരണലക്ഷ്യം വിശദീകരിച്ചതു വായിക്കാം: “... ഇന്നു പലരും വിചാരിക്കുന്നതുപോലെ ഈ സൂറഃയുടെ അവതരണലക്ഷ്യം വിശ്വാസികൾ അവിശ്വാസികളുടെ മതത്തിൽനിന്നും ദൈവങ്ങളിൽനിന്നും ആരാധനകളിൽനിന്നും ഖണ്ഡിതമായ മുക്തിയും ബന്ധവിഛേദനവും പ്രഖ്യാപിക്കുകയാണെന്ന് മനസ്സിലാകും. അവിശ്വാസികളോട് സൂറഃ പറയുന്നതിതാണ്: ഇസ്‌ലാമും അവരുടെ മതവും തികച്ചും വ്യത്യസ്തമാണ്. അവ തമ്മിൽ കൂടിച്ചേരുന്ന പ്രശ്നമേയില്ല. ഇത് ആദ്യം ഖുറൈശികളെ സംബോധന ചെയ്തുകൊണ്ടും അവരുടെ സന്ധി നിർദേശങ്ങളോടുള്ള പ്രതികരണമായി ക്കൊണ്ടും അവതരിച്ചതാണെങ്കിലും അവരിൽ മാത്രം പരിമിതമല്ല. അതിനെ ഖുർആനിൽ ഉൾപ്പെടുത്തിക്കൊണ്ട് അന്ത്യനാൾ വരെയുള്ള എല്ലാ മുസ്‌ലിംകളോടും കൽപിച്ചിരിക്കു കയാണ്: സത്യനിഷേധത്തിന്റെ മതം എവിടെ ഏതു രൂപത്തിലായിരുന്നാലും അതിനോട്

---

[21] സ്വഹീഹ്: അൽബാനി തന്റെ സ്വഹീഹ് അബൂ ദാവൂദിൽ, ന:3052

[22] ക്വുർആൻ 109:1-6

വാചാകർമണാ വിമുക്തി പ്രകടിപ്പിക്കേണ്ടതാണ്. ദീനി കാര്യത്തിൽ നിങ്ങൾക്ക് സത്യനിഷേധി കളുമായി യാതൊരു തരത്തിലുള്ള സന്ധിയും സാധ്യമല്ല. അതുകൊണ്ടാണ് ഈ സൂറഃ ആർക്ക് മറുപടിയായി അവതരിച്ചുവോ അവർ മരിച്ചു മണ്ണടിഞ്ഞുപോയിട്ടും പാരായണം ചെയ്യപ്പെട്ടത്. ഇത് അവതരിച്ച കാലത്ത് കാഫിറുകളും മുശ്രിക്കുകളും ആയിരുന്നവർ മുസ്‌ലിം കളായിത്തീർന്നിട്ടും പാരായണം ചെയ്യപ്പെട്ടിരുന്നതും. അവർ കടന്നുപോയി നൂറ്റാണ്ടുകൾ കഴിഞ്ഞശേഷം ഇന്നത്തെ മുസ്‌ലിംകളും പാരായണം ചെയ്തുകൊണ്ടിരിക്കുന്നതും അതുകൊണ്ടുതന്നെ. കാരണം സത്യനിഷേധത്തിൽനിന്നും സത്യനിഷേധികളിൽനിന്നുമുള്ള വിമുക്തി സത്യവിശ്വാസത്തിന്റെ സ്ഥിരമായ താൽപര്യമാകുന്നു.”[23]

സത്യം മനസ്സിലാക്കി അത് ഉൾകൊണ്ട് ജീവിക്കാൻ അല്ലാഹു ഏവരെയും അനുഗ്രഹിക്കട്ടെ, ആമീൻ.

[23] തഫ്ഹീമുൽ ഖുർആൻ, അൽകാഫിറൂൻ ആയത്തിന്റെ ഉള്ളടക്കം